# A Recollection of the History of Alapatt Palathingal Family

## Who are we

Alapatt Palathingal Family is one of the aristocratic syrian catholic families of Kerala in India, which has its ancestral roots in the district of Thrissur.

## History

The history of Alapatt Palathingal Family is one that stands the test of time itself. Born from religious conversion and wartime migration., the name Alapatt Palathingal will be remembered for the values and faith it has established in its members throughout history. Today, these faith and value systems have allowed the children of this family, to rise up the ranks of society, to become influential figures to shape and design the future of our community.

Let us explore our story and learn in-depth our history and discuss how it all began, starting with the efforts and lengths went by members of our family to trace our history. This also gives a peek into the origin of the name Alapatt Palathingal. Although this brief summary may not do justice to eleven generations of effort, we hope it gives you a glance into what makes us, what we are today.

## Origins of Alapatt Palathingal

In the governing period of “Kulashekara” and “Perumbadappu Swaroopam” some Christian families including Alapatt family migrated to new places to do agriculture and business. In the later years of 1600s attack from the “Marikkars”, military heads of Samuthiry, was another reason for the settlement in other places. One of the sub divisions of Alapatt Family settled in Parappukara in Thrissur District of Kerala. They chose to live in the northern side of the Bridge over Kurumali River in Parappukara. In the early 1700s that particular branch of Alapatt family was called Palathingal. From Parappukara a “Karanavar”(family head) named

Varu of Alapatt family migrated to Kattoor in 1730. He settled in Edathiruthy near Kattoor. There are evidences showing that he shifted to Kattoor with his family (which was part of erstwhile Cochin State) in 1736. In 1746 he built a “Tharavattu Pura” (a traditional Nalukettu house) near the bridge in Parayankadavu, Kattoor. Varu had four sons namely Vareed, Anthony, Chummar and Poulose. The successors of Varu are the Alapatt Palathingal Family members. Like all traditional Christian families, Alapatt Palathingal Family looked after the religious, moral, economic and educational betterment of the family members. All these years the family has stood by its cherished values and thrived on the traditional cultural influence.

## Religious conversion

It is believed that one of the disciples of Jesus Christ, St. Thomas came to Kerala in 52 AD. He attracted some Brahmin families to the path of Christ and they adopted Christianity. According to traditional belief, St. Thomas created seven Christian communities here. One of the thirty two important Brahmin villages in Kerala during that period was Moolikulam (now Moozhikulam). A “Mana”( Brahmin House) named Alapatt Mana in Moozhikulam is the origin of Alapatt family. It is traditionally believed that different branches of Alapatt Family spread all over the world with different sub names originated from Alapatt Mana. Alapatt Palathingal Family is one of the main subdivisions of Alapatt Family.

## Tharavattuyogam

Established in 1989, Alapatt Palathingal tharavattuyogam brought together all the extended members of the family. This became the impetus behind the first publication of the book on Alapatt Palathingal Tharavattuyogam in 2001, titled ‘Alapatt Palathingal Tharavattu Charithram’, Part 1. It has precise descriptions of important personalities, family connections and other relevant facts. Earlier we had published a Family Directory

showing addresses, telephone numbers and other details of family members. The detailed history of Alapatt Palathingal family, namely 'Alapatt Palathingal Tharavattu Charithram', Part 2 (Thalamurakalilude) was published in 2003.

## Family Icons

By going through the above mentioned history books published by the Alapatt Palathingal Tharavattuyogam, one can see that Alapatt Palathingal Family has given birth to plenty of important personalities who served the society, Syro-Malabar Catholic Church as well as the State.



**Rt. Rev. Dr. George Alapatt**- C3322 (1900-1973)
(S/o. Alapatt Palathingal Chakoru)
was the Bishop of Thrissur Diocese
during the period 1944-1970.



**Msgr. Ephrem Palathingal** -A2312 (1917-1998)
was Procurator and Councilor of
Thrissur Diocese.



**Rev. Fr. Vincent CMI** -V3213 (1895-1963)
was the Prior General of CMI
Congregation in 1947.




**Mother Marium Magdalena** A23D1 (1876-1947) became the first Mother General of CMC Congregation in 1937.



**Rev. Fr. John Alapatt** (1866 - 1944) - C361 One of the Prominent priests of the then Thrissur Diocese, he was ordained in 1894 and was member of the Diocesan curia. His early efforts made it possible for us to create our family tree.



**Rev. Sr. Annie Palathingal** (V21111D1) was Mother Superior of Holy Family Congregation.



**Rev. Fr. Varghese Palathingal SDB** (A23212) was provincial of North East Salesian Province in 1994.



**Rev. Fr. Issac Alapatt CMI** (V32141)
He was Professor, dept. of Zoology,Christ College Irinjalakuda. Later he went to the US and did his masters in communications and was Fouder Director of Chetana Sound Studio, Thrissur.
His untiring efforts made it possible for us to publish our history books ; 'Vamsavali' and 'Thalamurakalilude'.

Several other priests and nuns have selflessly served the Catholic Church.

Mothers of two Catholic Bishops are from Alapatt Palathingal Family. (Mar Joseph Pastor Neelankavil ,Bishop Emiritus, Sagar Diocese is S/o. Kunjannam - V331D1 and Mar Paul Chittilappilly, Bishop Emiritus,Thamarassery Diocese is S/o Kunjayi -C121D3.

Also, former Bishop Of Thrissur Mar Francis Vazhappilly is the grandson of Mariam-C3D3, who was married to Kallookaran family of Ollur and Major Archbishop Cardinal Varkey Vithayathil is the great grandson and Msgr. Zacharias Vazhappilly is grandson of Rosa C3D4 who was married to Vazhappilly family of Puthenvelikkara.

Some of our family members have served the nation through All India Services and Central Civil Services like IAS, IPS, IFS and IRS.There are others who have served the public sector in senior positions. There are many who are professionals like

Scientists, Doctors, Engineers, Chartered Accountants, Advocates, Teachers, Bankers, Businessmen and Industrialists. Some of them worth mentioning are:



**Late P.J Joseph IPS** (V32321) who was Dy. Director CRPF and IG of Police, Orissa.




**Late Iype Alapatt IFS** (C394) was the Chief Conservator of Forests ,Kerala State, and retired in 1981




**Late Er. A J Lonappan** (C3824) was Chief Engineer of Madras Corporation in 1995.



**Late P.P. Antony** (A2313) was the Kerala Head of Reserve Bank Of India and Director State Bank of Travancore.




**Late Er. Vincent Alapatt** (V222161)
was Chief Engineer ,KSEB



**Late Er. A.L Pius** (C36311) was one of the early graduates of J J School of Architecture,Mumbai and graduated in the year1963. He was one of the leading architects of Thrissur.



**Dr. J C Palathingal** (C33151) S/o Chakoru received his Doctorate in Nuclear Physics from University of Pennsylvania, USA , an Ivy League institution in the year 1963. He has published several papers. His most acclaimed paper was published in 1969 on Helicity of Antineutrinos Emitted by Nuclei.



**Mr. J.F. Palathingal** (C38111) was a Fulbright Scholar ,graduated from Harvard Business School, another Ivy league university in the US. He was GM Textiles Division, DCM Ltd. Was Director , DCM international and President of Samtel India Ltd. for 10 years.



**Er. Tobias Palathingal** (C35124) joined as GM and later was Director ,Castrol India Ltd.



**Mr. Paul Antony IAS** (A23131) retired in June 2018 as Chief Secretary to the Govt. of Kerala.



**Dr. Vincent Palathingal** (A23211) & wife Elizabeth Palathingal have been conferred with AARE BASEGUN and YEYE AARE BASEGUN the highest civilian awards by the Nigerian Government.



**Mr. Jose Alapatt** (A212211) was Director, South Indian Bank Ltd.



**Mr. Francis Alapatt** (A212212) is currently the Director of South Indian Bank Ltd.



**Mr. Babu Alapatt** (A212214) was Director, South Indian Bank Ltd.



**Mr. P.M.Thomas** (A212221) was Director, South Indian Bank Ltd.



**Mr. P.M.Uthup** (A212222) was Director, South Indian Bank Ltd.



**Dr. Jose Manuel** (A212223) was Director, South Indian Bank Ltd.



**Mr. Manuel Manuel** (A212225) was Director, South Indian Bank Ltd.

## Faith and values

History of Alapatt Palathingal Family is traced down to eleven generations spread over a period of more than three centuries. Alapatt Palathingal Family starts from a “Karanavar”(family head) named Varu who lived in the early 1700s.Varu had four sons namely Vareed, Anthony, Chummar and Poulose. The descendants of Vareed, Anthony & Chummar are the Alapatt Palathingal Family members. Like all traditional Christian families Alapatt Palathingal Family paid close attention to the religious, moral, economic and educational betterment of the family members. All these years the family has stood by its cherished values and thrived on its rich tradition.

## Tracing family history

It was the selfless and concerted effort, led by Rev. Fr. Issac Alapatt CMI, that led to the creation of a detailed Family Tree (genealogy).

This effort to trace the history of Alapatt Palathingal Family had started long before the formation of Alapatt Palathingal Tharavattuyogam. Now, our Family Tree is spread over a period of three hundred years and it shows eleven generations of family history.

As the history of a community is closely related to the geography of the place and cultural influence of the concerned religion, we made a detailed study of Kerala History (including history of Kochi State), History of Kattoor and History of the Christian Church. As part of the research related to history, we went through plenty of land documents, birth records in various churches and write -ups by our forefathers. Historical Records of Kottakavu(Parur), Parappukkara, Enammavu, Pazhuvil and Edathiruthy Churches were scrutinized. Moreover we collected relevant historical information from Alapatt Mana in Parakkadvau, Kalathymekkatt Mana in Moozhikkulam, Mazhuvanchery Mana, some of the Namboothiri houses in Pazhuvil and Lakshmana Temple in Moozhikkulam. These efforts would not have been complete had our forefathers did not keep proper records in earlier times. There is no doubt that their accounts of the historical facts helped a lot in our effort to write the history, the family tree in particular.

ആലപ്പാട്ട് പാലത്തിങ്കൽ തറവാടിന്റെ ചരിത്രം രണ്ട് വാല്യങ്ങളിലായി മുൻപ് പ്രസിദ്ധീകരിച്ചിരുന്നുവല്ലോ. ആദ്യ ഭാഗം 'വംശാവലി' 2001ലും രണ്ടാം ഭാഗം 'തലമുറകളിലൂടെ' 2003ലും ആണ് പ്രസിദ്ധീകരിച്ചത്. ഈ ചരിത്ര പുസ്തകത്തിന്റെ ആമുഖവും സംക്ഷിപ്ത ചരിത്രവും കുടുംബാംഗങ്ങളുടെ പുനർവിചിന്തനത്തിനായി ഇവിടെ സമർപ്പിക്കുന്നു.

**ആമുഖം**

ഒരു കുടുംബചരിത്രത്തിന്റെ കാതലായ ഭാഗമാണ് 'വംശാവലി'. അതിനെ ആധാരമാക്കിവേണം കുടുംബചരിത്രം എഴുതാൻ. അതുകൊണ്ട് ആദ്യം തയ്യാറാക്കേണ്ടത് 'വംശാവലി'യാണ്. വർഷങ്ങൾക്കുമുമ്പ്, കൃത്യമായി പറഞ്ഞാൽ 1777–ൽ, ആലപ്പാട്ട് പാലത്തിങ്കൽ തറവാട് ചരിത്രമെഴുതാനുള്ള പരിശ്രമം തുടങ്ങിയപ്പോൾ വംശാവലി തയ്യാറാക്കാനുള്ള ഗവേഷണമാണ് ആദ്യം നടത്തിയത്. ഭാഗ്യവശാൽ വംശാവലിയുടെ രൂപരേഖ തയ്യാറാക്കാൻ കാര്യമായി ബുദ്ധിമുട്ടേണ്ടിവന്നില്ല. ഈ തറവാട്ടിലെ ഒരു കാരണവർ, കാട്ടൂർ ചെറിയ ഔസേഫ് മകൻ ഔസേഫ് മാസ്റ്റർ (V.3232) തയ്യാറാക്കി വെച്ചിരുന്ന (1930കളിൽ എഴുതിയതായിരിക്കണം) കുടുംബചരിത്രത്തിന്റെ രൂപരേഖയും 1920വരെ തറവാട്ടിൽ ജനിച്ചിട്ടുള്ള ആൺമക്കളുടെയെല്ലാം പേര് ഉൾക്കൊള്ളുന്ന വംശാവലി ചാർട്ടും 1960 കളുടെ ആരംഭത്തിൽ എന്നെ ഏൽപ്പിച്ചിരുന്നത് പഴയ പുസ്തകങ്ങൾക്കിടയിൽനിന്നും കണ്ടെടുക്കാൻ കഴിഞ്ഞതാണ് കാരണം. അന്ന് ഒരു വൈദിക വിദ്യാർത്ഥി മാത്രമായിരുന്ന എന്നെ ആ രേഖ ഏൽപ്പിക്കാൻ ഒരു കാരണമുണ്ടായി. എന്റെ പിതൃസഹോദരനും CMI സന്യാസസഭയുടെ പ്രിയോർ ജനറലായി വിരമിച്ച വ്യക്തിയുമായ ബ. വിൻസന്തിയോസച്ചൻ (V.3213) 1963ൽ മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഒരു ലഘുചരിത്രം എഴുതാനാവശ്യമായ രേഖകൾ ശേഖരിക്കണമെന്ന് അന്നത്തെ CMI സഭാധികാരികൾ എന്നോട് ആവശ്യപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ്, 1964ൽ ബ. വിൻസന്തിയോസച്ചന്റെ പിതൃസഹോദര പുത്രനും കരാഞ്ചിറ സെന്റ് സേവിയേഴ്സ് സ്കൂൾ അദ്ധ്യാപകനുമായിരുന്ന (റിട്ടയേഡ്) ഔസേഫ് മാസ്റ്ററെ സമീപിച്ചതും അദ്ദേഹം വർഷങ്ങൾക്കുമുമ്പ് തയ്യാറാക്കി

വച്ചിരുന്ന ലഘുചരിത്രം, അതെഴുതി പൂർത്തിയാക്കണമെന്ന നിർദ്ദേശത്തോടെ, എന്നെ ഏൽപ്പിച്ചത്. എന്നാൽ അന്നത്തെ ചുറ്റുപാടിൽ ആ രേഖ പഠിക്കാനോ ശ്രദ്ധാപൂർവ്വം ഒന്ന് വായിച്ചുനോക്കാൻ പോലുമോ കഴിഞ്ഞില്ല. അതൊരു കവറിലാക്കി പുസ്തകങ്ങളോടൊപ്പം സൂക്ഷിക്കുക മാത്രമേ ഞാനന്ന് ചെയ്തുള്ളൂ. കൊല്ലങ്ങൾക്കുശേഷം, കൃത്യമായി പറഞ്ഞാൽ 1977ൽ ബ. വിൻസന്തിയോസച്ചന്റെ ചരമവാർഷിക അവസരത്തിൽ പ. കുർബ്ബാനക്കുശേഷം നടന്ന ഒരു കുടുംബസമ്മേളനത്തിലാണ് ബ. വിൻസന്തിയോസച്ചന്റെ ചരിത്രമെഴുതണമെന്ന ആശയം വീണ്ടും പൊങ്ങിവന്നത്. കുടുംബചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വേണമല്ലോ കുടുംബാംഗത്തിന്റെ ചരിത്രമെഴുതാൻ. അതുകൊണ്ട് സ്വാഭാവികമായും ഔസേഫ് മാസ്റ്റർ തന്ന ചരിത്രരേഖ കണ്ടെടുക്കാൻ പരിശ്രമം നടന്നു. പഴയ പുസ്തകങ്ങൾക്കിടയിൽ നിന്ന് അത് കണ്ടെടുക്കുകയും ചെയ്തു.

ഈ തറവാട്ടംഗമായ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് മെത്രാന്റെ (P.C. വാറുണ്ണി- C3322) പിതാവ് ചാക്കോരുവിന് (C332) കുഞ്ഞിപൈലോത് എന്ന് പേരുള്ള ഒരു ഇളയപ്പനുണ്ടായിരുന്നു. അന്നത്തെ തൃശ്ശൂർ രൂപതയിലെ വൈദീക പ്രമുഖരിൽ ഒരാളായിരുന്ന ഫാ. ജോൺ ആലപ്പാട്ട് (ലോനപ്പനച്ചൻ C361) മേൽപ്പറഞ്ഞ കാരണവരുടെ മൂത്തമകനാണ്. രൂപതാസേവനത്തിൽ നിന്നും വിരമിച്ച് കരാഞ്ചിറയിലെ തന്റെ ബംഗ്ലാവിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരിക്കെ 1944ൽ ചരമമടഞ്ഞ ലോനപ്പനച്ചൻ ഒരു പൊതുകാര്യ പ്രസക്തനായിരുന്നു. ഇദ്ദേഹം ആലപ്പാട്ട് പാലത്തിങ്കൽ തറവാടിന്റെ ഒരു ലഘുചരിത്രം എഴുതിയിട്ടുണ്ടായിരുന്നുവെന്നും അത് ബിഷപ്പ് ആലപ്പാട്ടിന്റെ കൈവശമുണ്ടായിരുന്നുവെന്നും കേട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 1990കളുടെ ആരംഭത്തിൽ തൃശൂർ അതിമെത്രാസനാരമനയുടെ അർക്കൈവ്സിൽ ചെന്ന് പരിശോധിക്കുകയുണ്ടായി.

ബ. ലോനപ്പനച്ചൻ, ലഘുചരിത്രം തയ്യാറാക്കി എന്ന് കരുതപ്പെടുന്ന ഏതാണ്ടതേ കാലഘട്ടത്തിൽ, അദ്ദേഹം താമസിക്കുന്ന കരാഞ്ചിറയിൽ തന്നെ സ്കൂൾ അദ്ധ്യാപകനായി ജോലിചെയ്തിരുന്ന വ്യക്തിയാണ് താൻ തയ്യാറാക്കിയ ചരിത്രരേഖ എന്നെ

ഏൽപ്പിച്ച ഔസേഫ് മാസ്റ്റർ. അതുകൊണ്ട് ലോനപ്പനച്ചനുമായി ചർച്ചചെയ്തുകൊണ്ടുതന്നെയാണ് പ്രസ്തുതരേഖ തയ്യാറാക്കിയ തെന്ന് ന്യായമായൂഹിക്കാം. രണ്ടുപേരുംകൂടി തയ്യാറാക്കിയതാണ് എന്നെ ഏൽപ്പിച്ച ചരിത്രരേഖ എന്ന് വിചാരിക്കുന്നതിലും തെറ്റില്ല.

ആലപ്പാട്ട് തറവാട്ടിലെ വാറു എന്ന കാരണവരുടെ സന്താനപ രമ്പരകൾക്ക് 'പാലത്തിങ്കൽ' എന്ന വിളിപ്പേരുകൂടി കിട്ടിയ 1700 (1704)കളുടെ ആരംഭംമുതൽ 1920കൾ വരെയുള്ള 216 കൊല്ലകാല ത്തിനടയ്ക്ക് ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടിൽ ജനിച്ചിട്ടുള്ള എല്ലാ ആൺ സന്തതികളുടെയും പേരുവിവരം പൂർണ്ണമായു കൃത്യമായു മേൽപറഞ്ഞ ചരിത്രരേഖയിലെ 'വംശാവലി' ചാർട്ടിൽ ഉണ്ടായിരു ന്നു. എങ്കിലും പെൺമക്കളാരുടേയും പേര് അതിലുണ്ടായിരുന്നി ല്ല. 1920കൾക്ക് മുമ്പ് ജനിച്ച പെൺമക്കളുടേതുൾപ്പെടെ ഈ തറ വാട്ടിൽ ജനിച്ച എല്ലാവരുടേയും പേരുവിവരങ്ങൾ ഉൾക്കൊള്ളുന്ന വംശാവലി ചാർട്ട് ഉണ്ടാക്കാനായി പിന്നത്തെ ശ്രമം.

1977ൽ തറവാട്ടിലുണ്ടായിരുന്ന പ്രായംചെന്ന എല്ലാവരേയും തന്നെ നേരിൽകണ്ട് വിവരങ്ങൾ ശേഖരിക്കാനും കഴിഞ്ഞു. അങ്ങനെ പഴമക്കാരെക്കൊണ്ട് വിവരങ്ങൾ ശേഖരിക്കാൻ വളരെ യേറെ സഹായം ചെയ്തുതന്നതും പലയിടങ്ങളിലേക്കും കൂടെ പോന്നതും പരേതനായ ബ. അപ്രേമച്ചനാണ് (A2312) 1990ൽ ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ട് യോഗത്തിന് തുടക്കംകുറിച്ചപ്പോൾ ചരിത്രംഗ്രന്ഥം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂടി.

കാഴ്ച നഷ്ടപ്പെട്ടിട്ടും വർഷങ്ങളോളം ഒരു ധനകാര്യസ്ഥാപ നത്തിൽ ജോലിചെയ്ത് വിരമിച്ച് തൃശൂരിൽ വിശ്രമജീവിതം നയി ക്കുന്ന ഔസേഫ് പൈലോത് (C11111) എന്ന കാരണവരാണ് ഞങ്ങ ളുടെ ഈ അന്വേഷണത്തിൽ ഞങ്ങൾക്കേറ്റവും കൂടുതൽ വിവര ങ്ങൾ നൽകിയത്. അദ്ദേഹത്തിൽ നിന്നും ലഭിച്ച വിവരങ്ങളും 1964ൽ ഔസേഫ് മാസ്റ്റർ എന്നെ ഏൽപ്പിച്ച രേഖയിലെ വിവരങ്ങളും നൂറ് ശതമാനവും യോജിക്കുന്നുണ്ടെന്ന വസ്തുത വളരെയേറെ സംതൃപ്തി നൽകി.

ഈ രേഖ തയ്യാറാക്കാൻ വിലപ്പെട്ട വിവരങ്ങൾ കൈമാറിയ വ്യക്തികളാണ് പരേതരായ പി.എൽ കുഞ്ഞുവറിയത് (V1212) ഇരിങ്ങാലക്കുട, പി.പി. ആന്റണി (A21211) കാട്ടൂർ പി.വി. ജോണി (C32121) കാട്ടൂർ ബ. പെപ്പിൻ CMI അച്ചൻ (A2321) മോൺസിഞ്ഞോർ അപ്രേം പാലത്തിങ്കൽ എന്നിവർ. ഇവരെക്കൂടാതെ ശ്രീ. ഐപ്പ് ആലപ്പാട്ട് IFS (C394) ശ്രീമതി റോസ വാവു (A2123) വടക്കാഞ്ചേരി, ശ്രീ. ജോൺ വിതയത്തിൽ കാട്ടൂർ, തറവാട്ടിലെ പ്രഗത്ഭനായിരുന്ന പി.വി. കുഞ്ഞുവറിയത് കാരണവരുടെ (A1211) പൗത്രൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി തുടങ്ങിയവർ ഈ തറവാടിനെക്കുറിച്ച് വിവരങ്ങൾതന്ന് സഹായിച്ചിട്ടുണ്ട്. പഠനംകൊണ്ട് ഒരു ചരിത്രകാരനായ ആന്റണി ജി. പാലത്തിങ്കൽ (V32143) ഈ ചരിത്രരേഖ തയ്യാറാക്കുന്നതിൽ സാരമായ പങ്കുവഹിച്ച വ്യക്തിയാണ്.

വളരെകാലത്തെ പരിശ്രമഫലമായി വംശാവലി എഴുതി പൂർത്തിയാക്കിയെങ്കിലും ആദ്യകാലങ്ങളിൽ ആലപ്പാട്ട് പാലത്തിങ്കിൽ തറവാട്ടിൽ ജനിച്ച പെൺമക്കളെല്ലാവരുടേയും പേരുകളോ മറ്റു വിവരങ്ങളോ കണ്ടെത്തി വംശാവലിയിലെഴുതി ചേർക്കാൻ കഴിഞ്ഞില്ല. കിട്ടിയിടത്തോളം എഴുതിചേർത്തിട്ടുണ്ട്.

ഈ തറവാട്ടിലെ കാരണവന്മാരിൽ ഒരാളായ ലോനയുടെ മകൾ, താണ്ടമ്മയെ വിവാഹം ചെയ്ത്, ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടിൽ ദത്തുനിന്ന കാക്കപ്പന്റെ പിൻമുറക്കാരാണ് കരാഞ്ചിറയിൽ 'ആലപ്പാട്ട്' എന്ന വീട്ടുപേരിൽ മാത്രം അറിയപ്പെടുന്നവർ എന്ന് ഈ ചാർട്ടിൽ ചേർത്തിട്ടുണ്ടല്ലോ. 1954ൽ, അന്നൊരു യോഗാർത്ഥി മാത്രമായിരുന്ന എനിക്ക് ലിയോപോൾഡ് ആലപ്പാട്ട് T.O.C.D അച്ചൻ എൽത്തുരുത്താശ്രമത്തിൽ വെച്ച് ഒരു ജീവചരിത്ര പുസ്തകം തരികയുണ്ടായി. ഇപ്പോഴും എന്റെ കൈവശമുള്ള ആ പുസ്തകം 'വിശുദ്ധ യൗസേപ്പിന്റെ ശെമയോൻസ്തോക്കച്ചൻ (ആലപ്പാട്ട് കരോട്ട്) T.O.C.D" യെക്കുറിച്ച് Paul D. Alppatt M.A.(Hons.) L.T., Karanchira എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പുസ്തകത്തിലെ നാല്, അഞ്ച് പേജുകളിൽ മേൽപറഞ്ഞ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. (* പ്രസ്തുത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു).

ഈ തറവാടിന്റെ ഒരു ഉപശാഖ ആമ്പല്ലൂർ അടുത്തുള്ള കല്ലൂർ പ്രദേശത്ത് താമസിക്കുന്നുണ്ടെന്ന് ഗവേഷണങ്ങൾക്കിടക്ക് ഞങ്ങൾ കണ്ടെത്തുകയുണ്ടായി. എന്നാൽ അവരുടെ വംശാവലി കൃത്യമായി തയ്യാറാക്കാനോ ഈ ചാർട്ടിൽ ഉൾക്കൊള്ളിക്കാനോ കഴിഞ്ഞിട്ടില്ല. 1930കളിൽ തയ്യാറാക്കിയതും ഇപ്പോൾ ഞങ്ങളുടെ കൈവശമുള്ളതുമായ രേഖയിൽ 'കല്ലൂർ താവഴി'യെക്കുറിച്ച് പരാമർശമില്ല. എങ്കിലും ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടിലെ ചില കാരണവന്മാർ അന്യം നിന്നതായി അതിൽ പരാമർശമുണ്ട്. അങ്ങനെ ഈ തറവാട്ടിലെ ആദ്യകാല കാരണവന്മാരിൽ ആരെങ്കിലും കല്ലൂർ പ്രദേശത്ത് 'കെട്ടിത്താമസിച്ചിരി'ക്കാമെന്നും അദ്ദേഹത്തിന്റെ സന്താനപരമ്പരയായിരിക്കാം കല്ലൂർ പ്രദേശത്ത് താമസിക്കുന്നതെന്നും അനുമാനിക്കുന്നതിൽ തെറ്റില്ല. ഈ വക സംഗതികളൊക്കെ കണക്കിലെടുത്തുകൊണ്ടുവേണം കല്ലൂർ താവഴിയെക്കുറിച്ച് കൃത്യമായി എഴുതാൻ. അതുകൊണ്ടാണ് അവരുടെ വംശാവലി ഈ പുസ്തകത്തിൽ ചേർക്കാൻ കഴിയാതെ പോയത്.

ആലപ്പാട് പാലത്തിങ്കൽ തറവാട് ചരിത്രത്തിന്റെ ആദ്യഭാഗമായ ഈ 'വംശാവലി' ഇങ്ങനെ പുസ്തകരൂപത്തിൽ തയ്യാറാക്കാൻ നിരവധിപേർ സഹായിച്ചിട്ടുണ്ട്. അവരോടൊക്കെ നന്ദി പറയുന്നതോടൊപ്പം ഇനിയും സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

ആലപ്പാട്ട് പാലത്തിങ്കൽ ചരിത്രകമ്മിറ്റിക്കുവേണ്ടി
**ഫാ. ഐസക് ആലപ്പാട്ട് CMI**

ജനുവരി 1, 2001.

*

ഈ കുടുംബത്തിൽപ്പെട്ട കാക്കപ്പൻ എന്നൊരാൾക്കു് രണ്ടു കുടിമക്കളുണ്ടായിരുന്നു. രണ്ടാം കുടിമകനു് കാക്കപ്പൻ എന്നുതന്നെയായിരുന്നു പേർ. കെ. പി. പത്മനാഭൻപിള്ള ബി. എ., ബി. എൽ. രചിച്ചിട്ടുള്ള കൊച്ചിരാജ്യചരിത്രം രണ്ടാം പുസ്തകത്തിൽ "ക്രിസ്ത്വാബ്ദം 1789 നവംബർ മാസത്തിൽ ടിപ്പുസുൽത്താൻ കൊച്ചിരാജ്യത്തു കടന്നു. ടി. ഡിസംബർ മാസം 14-ാംനു- ടിപ്പുസുൽത്താൻ തൃശ്ശിവപേരൂരെത്തി." എന്നു പ്രസ്താപിച്ചിട്ടുണ്ടു്. പ്രസ്തുത യുദ്ധകാലത്തു് കാക്കപ്പൻ തന്റെ ഇളംകുടിമകൻ കാക്കപ്പനോടുകൂടി തെക്കോട്ടു് തിരുവിതാംകൂറിലേയ്ക്കു് ഓടിപ്പോയി; തിരുവനന്തപുരത്തു് താമസമാക്കി എന്നാണു് കേൾവി— അവിടെ താമസിച്ചിരിക്കയിൽ അപ്പൻ ചരമഗതി അടഞ്ഞു. അപ്പന്റെ മരണശേഷം മകൻ കാക്കപ്പൻ വടക്കൻ പ്രദേശങ്ങളിലേയ്ക്കുതന്നെ മടങ്ങി. കാട്ടൂരു് എത്തിയപ്പോൾ അവിടത്തെ ഒരു പൌരപ്രധാനിയായ പാലത്തിങ്കൽ ലോനപ്പൻ എന്നയാളെ കാണുവാൻ ഇടയായി കാക്കപ്പനുമായി സംസാരിച്ചതിൽ അദ്ദേഹം ആലപ്പാട്ടു കുടുംബത്തിൽ പെട്ടവനാണെന്നു മനസ്സിലാക്കി. അയാൾ അദ്ദേഹത്തിനു വേണ്ടതായ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. അദ്ദേഹത്തിൽ ഒരു പ്രത്യേക പ്രീതി തോന്നുകയാൽ അദ്ദേഹത്തിനു തന്റെ മകളെത്തന്നെ കല്യാണം കഴിപ്പിച്ചുകൊടുത്തു. സ്ത്രീധനമായി കുറെ നിലവും കാട്ടൂർ തെക്കുംമൂല എന്നു് ഇപ്പോഴും വിളിച്ചുപോരുന്ന പറമ്പിൽ ഒരു പുരയും പണി കഴിപ്പിച്ചുകൊടുത്തു. കാക്കപ്പൻ വളരെ ഉത്സാഹിയായിരുന്നു. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ അയാൾ ഏറെത്താമസിയാതെതന്നെ ഒരു ധനികനായിത്തീർന്നു.

# പൂർവ്വകാലചരിത്രം

## അദ്ധ്യായം ഒന്ന്

## അടിവേരുകൾ

ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ കേരളമണ്ണിലെത്തി ഏതാനും ബ്രാഹ്മണകുടുംബങ്ങളെ ക്രിസ്തുമാർഗ്ഗത്തിൽ ചേർത്ത് ഏഴ് സഭാസമൂഹങ്ങൾ സ്ഥാപിച്ചുവെന്നതാണല്ലോ സജീവമായ പാരമ്പര്യവിശ്വാസം. തോമാശ്രീഹായുടെ ഭാരതപ്രേഷിതത്വം ഒരു ചരിത്രസംഭവമായി ഏകദേശം എല്ലാ പ്രമുഖ ചരിത്രകാന്മാരും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പശ്ചിമേഷ്യ, റോം, ഗ്രീസ് തുടങ്ങിയ പൗരാണികസംസ്കാരങ്ങളുമായി ഭാരതം രണ്ട് സഹസ്രാബ്ദങ്ങൾക്ക് മുമ്പുതന്നെ നിലനിന്നിരുന്ന വ്യാപാരസാംസ്കാരിക ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ഇത് പൂർണ്ണമായും സ്ഥിരീകരിക്കപ്പെട്ട ഒരനുമാനമാണ്. റോമാസാമ്രാജ്യം ജറുസലം കീഴടക്കി നശിപ്പിച്ചതിനെത്തുടർന്ന് എ.ഡി. 68–ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ യഹൂദന്മാർ പരമ്പരയായി സൂക്ഷിച്ചുപോന്ന വിവരങ്ങളിൽ അന്ന് കൊടുങ്ങല്ലൂരുണ്ടായിരുന്ന ക്രൈസ്തവ സമൂഹത്തെക്കുറിച്ച് പരാമർശമുണ്ട്[1]. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ഈജിപ്ഷ്യൻ സഞ്ചാരി പന്തേയനൂസ്, ഇവിടെ അഭിവൃദ്ധിപ്രാപിച്ച ഒരു ക്രിസ്ത്യൻ സമൂഹം ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്[2]. എ.ഡി. 345–ൽ ക്നായ്ത്തൊമ്മന്റെ നേതൃത്വത്തിൽ ദക്ഷിണ ഇറാക്കിൽനിന്ന് ക്രൈസ്തവകുടുംബങ്ങൾ കുടിയേറുന്നതിനുമുമ്പുതന്നെ ഇവിടെ ഒരു ക്രൈസ്തവസമൂഹം നിലവിൽ വന്നിരുന്നുവെന്നതാണ് ചരിത്രം നൽകുന്ന തെളിവ്. ഇത് ശ്ലൈഹിക കാലംമുതൽ നിലവിലുള്ള സമൂഹമാണെന്നതാണ് ദൃഢമായ പാരമ്പര്യവിശ്വാസം.

എന്നാൽ ആദ്യ ക്രൈസ്തവസമൂഹം ഉരുത്തിരിഞ്ഞത്, പശ്ചിമേന്ത്യയിലെ സൗരാഷ്ട്രമേഖലയിൽനിന്ന് ദക്ഷിണഭാരതത്തിൽ കുടിയേറിയ ബ്രാഹ്മണസമൂഹത്തിൽ നിന്നാണോ അതോ, ദ്രാവിഡപശ്ചാത്തലമുള്ള ഇവിടത്തെ അടിസ്ഥാന ജനവർഗ്ഗത്തിൽ നിന്നാണോ എന്നൊരു തർക്കം ഇപ്പോഴും നിലവിലുണ്ട്. പരമ്പരാ

ഗതവിശ്വസമനുസരിച്ച് ആദ്യ ഏഴ് ക്രൈസ്തവ സഭാസമൂഹങ്ങൾ രൂപീകൃതമായത് ബ്രാഹ്മണപശ്ചാത്തലത്തിൽനിന്നാണെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ കേരളത്തിലെ നമ്പൂതിരിബ്രാഹ്മണരുടെ കുടിയേറ്റ കാലഘട്ടം ആറാം നൂറ്റാണ്ടിലും അതിനുശേഷവുമാണെന്ന് അഭിപ്രായപ്പെടുന്നവരാണ് മേൽപറഞ്ഞ പാരമ്പര്യ വിശ്വാസത്തെ ചോദ്യംചെയ്തു കാണുന്നത്. കേരളപ്രദേശത്ത് ബ്രാഹ്മണന്മാർ എ.ഡി. 1–ാം നൂറ്റാണ്ടിൽ നിലവിലില്ലെങ്കിൽ അവരിൽനിന്ന് ഇവിടെ ക്രൈസ്തവ സമൂഹം ഉടലെടുത്തുവെന്നു പറയുന്നതിന് സാംഗത്യമില്ലാതാകുമല്ലോ. ചില ലത്തീൻസഭാ ചരിത്രകാരന്മാർ ഈ വാദഗതിക്ക് ചിരപ്രതിഷ്ഠ നേടാൻ ശ്രമിക്കുന്നതായും കാണുന്നു.

എന്നാൽ ശ്രദ്ധാർഹമായ പല സമീപകാലപഠനങ്ങലും വ്യക്തമാക്കുന്നത് ആര്യപശ്ചാത്തലമുള്ള ബ്രാഹ്മണന്മാരുടെ കേരള പ്രവേശനകാലം സംഘകാലത്തിന്റെ ആരംഭഘട്ടംതന്നെയാണെന്നാണ്. അതായത് ബി.സി. രണ്ടാം നൂറ്റാണ്ടിനോടടുത്ത് പൗരാണികസങ്കല്പമനുസസരിച്ച് കൊങ്കൺതീരത്തും അതിനു തെക്കുമായി അറുപത്തി നാല് ബ്രാഹ്മണഗ്രാമങ്ങൾ ഉണ്ടായിരുന്നതായാണ് പറയപ്പെടുന്നത്[3]. പരശുരാമകഥയേയും മഴുവെറിഞ്ഞ് കരതീർത്തുവെന്ന ഐതിഹ്യത്തേയും മാറ്റിനിറുത്തിയാൽത്തന്നെ, സൗരാഷ്ട്ര പ്രദേശത്തുനിന്ന് തെക്കോട്ട് കൊങ്കൺതീരത്തേയ്ക്കും അവിടെനിന്ന് കേരളമണ്ണിലേയ്ക്കും നടന്ന ബ്രാഹ്മണ അധിനിവേശവും, കോളനി രൂപീകരണവും തികച്ചും ചരിത്രസംഭവങ്ങളാണ്. ഇപ്രകാരം വിവക്ഷിക്കപ്പെടുന്ന അറുപത്തി നാല് അധിവാസകേന്ദ്രങ്ങളിൽ മുപ്പത്തി രണ്ടെണ്ണം തളിപ്പറമ്പിനു വടക്കുള്ള തുളുനാടൻപ്രദേശത്താണ്. കന്നഡ, തുളു തുടങ്ങിയ ഭാഷകൾക്ക് മുൻതൂക്കമുള്ള ഈ പ്രദേശങ്ങളെ മാറ്റിനിറുത്തിയാൽ, ബാക്കി മുപ്പത്തി രണ്ട് ബ്രാഹ്മണഗ്രാമങ്ങൾ കേരളപ്രദേശത്താണെന്നു കാണാം. തളിപ്പറമ്പിനു തെക്കുള്ള പെരുംചെല്ലൂരാണ് കേരള പ്രദേശത്തെ ഏറ്റവും വടക്കുള്ള ബ്രാഹ്മണഗ്രാമമെന്ന് കണ്ടെത്തിയിട്ടുണ്ട്. പെരുംചെല്ലൂരിനും മദ്ധ്യകേരളത്തിലെ കരുവന്നൂർ പുഴയ്ക്കും മദ്ധ്യേയായി മറ്റ് 9 ബ്രാഹ്മണ ഗ്രാമങ്ങൾ കൂടെ ഉണ്ടായിരുന്നു. പെരുവനം, തൃശ്ശിവപേരൂർ, ശുകപുരം തുടങ്ങിയവ ഇതിൽപ്പെടും.

കരുവന്നൂർപുഴയ്ക്കും, ആലുവാപ്പുഴയ്ക്കും (ചൂർണ്ണി) ഇടയിൽ 12 ബ്രാഹ്മണഗ്രാമങ്ങൾ ഉണ്ടായിരുന്നുവെന്നും ആലുവാപ്പുഴയ്ക്ക് തെക്ക് 10 ഗ്രാമങ്ങൾ ഉണ്ടായിരുന്നുവെന്നും തിട്ടപ്പെടുത്തിയിട്ടുണ്ട്[4]. ഈ പുരാതന അധിവാസകേന്ദ്രങ്ങളെ വ്യതിരിക്തതയോടെ ഇന്നും ചൂണ്ടിക്കാണിക്കാവുന്നതാണ്. ഈ അറുപത്തിനാല് ഗ്രാമങ്ങളും ഒരേ സമയത്ത് ഉത്ഭൂതമായെന്ന് അർത്ഥമില്ല. അധിനിവേശത്തിന്റെ വിവിധ ഘട്ടങ്ങളിൽ വടക്കുനിന്ന് തെക്കോട്ട് എന്ന ക്രമത്തിൽ രൂപപ്പെട്ടവയാണ് ഇവ. കാലഗതിക്കനുസരിച്ച് പ്രാരംഭഗ്രാമങ്ങളിൽനിന്ന് വികസിച്ച് ഉപഗ്രാമങ്ങളും രൂപീകൃതമായിട്ടുണ്ട്. പെരുംചെല്ലൂർ അഥവാ ചെല്ലൂർ എന്ന ബ്രാഹ്മണഗ്രാമം ബി.സി. രണ്ടാം നൂറ്റാണ്ടിലെങ്കിലും നിലവിൽവന്നിരുന്നതായി ഇക്കാര്യത്തിൽ സൂക്ഷ്മപഠനം നടത്തിയിട്ടുള്ള ഡോ. കേശവൻ വെളുത്താട്ട് സമർത്ഥിക്കുന്നു. പറശ്ശിനി നദീതീരത്തെ ഈ ഗ്രാമം കേരളത്തിലെ ബ്രാഹ്മണ അധിനിവേശത്തിന്റെ ഒരു നാഴികക്കല്ലാണെന്നും കരുതപ്പെടുന്നു. ഈ നിലയ്ക്ക് ചിന്തിക്കുമ്പോൾ മദ്ധ്യകേരളത്തിലെ ബ്രാഹ്മണഗ്രാമങ്ങൾ ബി.സി. ഒന്നാം നൂറ്റാണ്ടിൽ ഉത്ഭൂതമായിരുന്നു എന്ന് കരുതുന്നതിൽ അപാകതയില്ല. മദ്ധ്യകേരളത്തിലെ ഏറ്റവും പ്രധാന അധിവാസകേന്ദ്രമായ "മൂലിക്കളം" (ഇന്നത്തെ മൂഴിക്കുളം) ബി.സി. ഒന്നാം നൂറ്റാണ്ടിൽ രൂപപ്പെട്ടുവെന്നു കരുതപ്പെടുന്നു.

**സാംസ്കാരികപശ്ചാത്തലം**

ക്രിസ്ത്വാബ്ദത്തിന്റെ ആദ്യദശകങ്ങളിലെ കേരളപ്രദേശത്തിന്റെ സാംസ്കാരികപശ്ചാത്തലത്തെക്കുറിച്ച് പഠിച്ചാൽ, ആദ്യസംഘകാലരാജാക്കന്മാരുടെ മതമായ ബുദ്ധമതമായിരുന്നു ഇവിടത്തെ ജനസാമാന്യത്തിന്റെ മതമെന്നു കാണാം. വേദാധിഷ്ഠിതമായ ഹിന്ദുമതം ബ്രാഹ്മണാധിവേശകേന്ദ്രങ്ങളിൽ ഒതുങ്ങിയിരുന്നുവെന്നും വേണം കരുതാൻ. ഏ.ഡി. എട്ട്, ഒമ്പത് നൂറ്റാണ്ടുകളിലെ ഹിന്ദുമതത്തിന്റെ നവോത്ഥാനത്തോടുകൂടിയാണല്ലോ ബുദ്ധമതം കേരളത്തിൽ നാമാവശേഷമായത്[5]. ഇത് കുലശേഖരന്മാർ നേതൃത്വം നൽകിയ രണ്ടാം ചേരസാമ്രാജ്യത്തിന്റെ പ്രതാപകാലം കൂടിയായിരുന്നുവെന്നു കാണാം. ഈ നവോത്ഥാനഫലമായിട്ടായിരിക്കണം വേദാധിഷ്ഠിതമായ യാഗങ്ങളും അനുഷ്ഠാനവിധികളും

ബ്രാഹ്മണാധിവേശഗ്രാമങ്ങളുടെ നാലതിരുകൾ വിട്ട് സമൂഹത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും പടർന്ന് ചിരപ്രതിഷ്ഠ നേടിയത്[6]. കേരളപ്രദേശത്തെ 32 ബ്രാഹ്മണ അധിവേശകേന്ദ്രങ്ങളിലും നിലവിലുള്ള ക്ഷേത്രങ്ങൾ 9-ാം നൂറ്റാണ്ടിലോ അതിനുശേഷമോ ആണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഇതിൽനിന്ന് ഇക്കാലത്താണ് ഹിന്ദുമതം ഇവിടെ സാർവ്വത്രികമായതെന്ന് സിദ്ധിക്കുന്നു എന്ന് കരുതി, ഇക്കാലത്ത് മാത്രമാണ് ഇവിടെ ബ്രാഹ്മണാധിവേശം നടന്നത് എന്ന് കരുതാൻ സാദ്ധ്യമല്ല. രണ്ടാം ചേരസാമ്രാജ്യത്തിന്റെ പ്രോത്സാഹനമാണ് ഇപ്രകാരം സാർവത്രികത കൈവരിക്കാനുണ്ടായ പ്രധാന കാരണം. ബി.സി. രണ്ടാം നൂറ്റാണ്ടിലും അതിനിപ്പുറവുമായി ഇവിടെ ബ്രാഹ്മണാധിവാസകേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, എട്ട്, ഒമ്പത് നൂറ്റാണ്ടുകളിലാണ് വേദാധിഷ്ഠിതമായ അനുഷ്ഠാനങ്ങൾക്കും, ആരാധനയ്ക്കും ഈ മണ്ണിൽ പ്രചുരപ്രചാരം സിദ്ധിച്ചതെന്ന് സ്പഷ്ടം. സഹ്യപർവ്വതത്തിനു കിഴക്കുള്ള ചോളസാമ്രാജ്യത്തിലും ഏറെക്കുറെ ഈ കാലയളവിൽത്തന്നെയാണ് ഹിന്ദുമതം പ്രാമാണ്യംനേടുന്നത്. എ.ഡി. എട്ടാം നൂറ്റാണ്ടുമുതൽ 13-ാം നൂറ്റാണ്ടുവരെയുള്ള ക്ഷേത്രലിഖിതങ്ങളുടെ കാലം കണക്കാക്കിയാണ് പല ചരിത്രകാരന്മാരും, ബ്രാഹ്മണാധിവേശം ഈ കാലയളവിലാണെന്നു പറയാൻ കാരണം[7]. എന്നാൽ, സംഘകാലത്തിന്റെ പ്രാരംഭശതകങ്ങളിൽ ബ്രാഹ്മണമതം അവരുടെ അധിവാസകേന്ദ്രങ്ങളിൽ ഒതുങ്ങിയിരുന്നുവെന്നും ജനസാമാന്യത്തിന്റെ വിശ്വാസം മഹായാന ബുദ്ധമതമായിരുന്നുവെന്നും അനുമാനിക്കുന്നതിൽ യുക്തിഭംഗമൊന്നുമില്ല.

അപ്പസ്തോലനായ തോമസ് ക്രിസ്തുമാർഗ്ഗത്തിലേയ്ക്ക് സ്വീകരിച്ച ബ്രാഹ്മണസമൂഹം ബൗദ്ധദർശനങ്ങളോട് ആഭിമുഖ്യമുള്ളവരായിരുന്നുവെന്ന് അനുമാനിക്കുന്നതിലും തെറ്റില്ലെന്ന് ഈ ചരിത്രപശ്ചാത്തലം വ്യക്തമാക്കുന്നു. ക്രിസ്തുദർശനത്തിന്റെ മുഖമുദ്രയായ കരുണ, നിർവാണ പ്രാപ്തിക്കായുള്ള സഹനം, പൊതുജീവിതത്തിനടിസ്ഥാനമായ സംഘം എന്നിവയും, യാഗത്തിന്റെ ഫലദായകത്വത്തിന് ഊന്നൽനൽകുന്ന വേദപശ്ചാത്തലം, എന്നിവ ക്രിസ്തുദർശനസ്വീകരണത്തിനുള്ള പശ്ചാത്തലമായി ഭവിച്ചുവെന്നു കരുതാം.

## നിലനിൽക്കുന്ന വേരുകൾ

മലയാളത്തിലെ മുപ്പത്തിരണ്ട് ബ്രാഹ്മണഗ്രാമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു “മൂലിക്കളം” (മൂഴിക്കുളം) എന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇന്നും കുറ്റിയറ്റുപോകാത്ത ഇവിടത്തെ ആലപ്പാട്ട് മനയാണ് ആലപ്പാട്ട് പാലത്തിങ്കൽ തറവാടിന്റെ മൂലസ്രോതസ്സ്. ഇന്ന് മദ്ധ്യകേരളത്തിന്റെ നാനാഭാഗങ്ങളിൽ പല ഉപ ശാഖകളിലായി വ്യത്യസ്ത വിളിപ്പേരുകളോടുകൂടി ധാരാളം ആലപ്പാട്ട് കുടുംബങ്ങൾ കാണുന്നത് ഈ മൂലകുടുംബത്തിൽ നിന്നുമാണെന്നാണ് പാരമ്പര്യവിശ്വാസം. ഈ കുടുംബചരിത്രഗ്രന്ഥത്തിൽ ഈ മഹാശൃംഖലയുടെ ഒരു ചെറിയ താവഴിയെപ്പറ്റി മാത്രമാണ് പരാമർശിക്കുന്നത്. ആലപ്പാട്ട് പാലത്തിങ്കൽ എന്ന ചെറിയ താവഴി. ആലപ്പാട്ട് എന്ന ഇല്ലപ്പേരോടുകൂടിയ ധാരാളം താവഴികൾ വേറെയുമുണ്ട്. അവരെക്കുറിച്ച് അന്വേഷിക്കാനോ, അവയുടെ ചരിത്രം അവലോകനം ചെയ്യാനോ ഈ പുസ്തകത്തിൽ ശ്രമിച്ചിട്ടില്ല. ആലപ്പാട്ടു പാലത്തിങ്കൽ എന്ന താവഴിക്ക് കാരണഭൂതനായ, 1704-ൽ ജീവിച്ചിരുന്ന വാറു എന്ന കാരണവരുടെ സന്തതിപരമ്പരയുടെ വംശാവലി ചരിത്രമാണ് ഈ ഗ്രന്ഥം.

ക്രിസ്തുവർഷാരംഭത്തിനു ശതവർഷങ്ങൾക്കും മുമ്പുതന്നെ വിശ്വപ്രശസ്തിയാർജിച്ചിരുന്ന തുറമുഖപട്ടണമാണ് മുസീറിസ് എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ കൊടുങ്ങല്ലൂർ. കേരളം ഭരിച്ച ചേരരാജാക്കന്മാരുടെ തലസ്ഥാനവും കൊടുങ്ങല്ലൂർതന്നെ. കേരളതീരത്തെ ഉൽപന്നങ്ങളായ കുരുമുളക്, ഏലം, കറുവാപ്പട്ട തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ വാങ്ങാൻ പുരാതന ഗ്രീക്ക്, റോമൻ രാജ്യങ്ങളുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നും, മറ്റു പശ്ചിമേഷ്യൻ സംസ്കാരങ്ങളിൽ നിന്നും, കച്ചവടക്കാർ കടൽമാർഗ്ഗം മുസീറിസിൽ എത്തിയിരുന്നു. കൊടുങ്ങല്ലൂർനിന്നും പരിസരപ്രദേശങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള ഗ്രീക്ക്, റോമൻ, പേർഷ്യൻ തുടങ്ങിയ നാണയങ്ങൾ ഇതിനു തെളിവാണ്. കേരളവും തമിഴ്നാടും ഉൾപ്പെടുന്ന ദക്ഷിണദേശം ചോളം, പാണ്ഡ്യം, ചേരം എന്നീ ഭരണാതിർത്തികളായാണല്ലോ നിലനിന്നിരുന്നത്. ഇതിൽ കേരളത്തിന്റെ മദ്ധ്യ, ഉത്തരഭാഗങ്ങൾ ചേരസാമ്രാജ്യമായി 12 നൂറ്റാണ്ടോളം നില

കൊണ്ടു. ചേരരാജ്യത്തെ ഭരണാധിപന്മാർ 'പെരുമാക്കന്മാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പെരുമാക്കന്മാർ സഹ്യാദ്രിക്ക് കിഴക്ക് നിന്ന് അതിഥികളായി വന്നവരാണെന്ന ധാരണ തെറ്റാണെന്ന് തെളിഞ്ഞിട്ടുണ്ട്. ചേരരാജ്യവംശം, ഈ നാട്ടിൽത്തന്നെ ഉരുത്തിരിഞ്ഞ ഭരണവർഗ്ഗമാണ്. പുരാതന തമിഴായിരുന്നു ചേരഭരണകാലത്തെ സാമാന്യഭാഷ. ആര്യഭാഷയായ സംസ്കൃതം ബ്രാഹ്മണഗ്രാമങ്ങളിൽ ഒതുങ്ങിനിന്നു[10]. ക്രിസ്തു വർഷത്തിന്റെ ആദ്യ അഞ്ച് ശതകങ്ങളാണ് സംഘകാലമെന്ന് വിവക്ഷിക്കപ്പെടുന്നത്[11]. ദക്ഷിണേന്ത്യയിലെങ്ങും തമിഴ് സംസ്കാരം അതിന്റെ ഉച്ചസ്ഥായിയിലായിരുന്ന ഇക്കാലത്താണ് ഒന്നാം ചേരസാമ്രാജ്യവും നിലനിന്നിരുന്നതെന്ന് ചരിത്രകാരന്മാർ അനുമാനിക്കുന്നു. സംഘകാലത്തിന്റെ പ്രാരംഭദശയായ ഒന്നാം ശതകത്തിന്റെ മദ്ധ്യകാലത്താണ് ക്രിസ്തുമതം കേരളതീരത്ത് എത്തിച്ചേരുന്നത്. അപ്പസ്തോലനായ തോമസിന്റെ ഒന്നാം പ്രേഷിതയാത്ര അഫ്ഘാനിസ്ഥാൻ ഉൾപ്പെട്ട ഉത്തരപശ്ചിമ ഭാഗത്തായിരുന്നുവെന്ന് കരുതപ്പെടുന്നു. ഈ ആദ്യയാത്രയാണ് പാർത്തിയൻ രാജാവായ ഗൊണ്ടോഫോറസിന്റെ മാനസാന്തരത്തെച്ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങൾക്ക് ഹേതുവായിട്ടുള്ളത്[12]. സെന്റ് തോമസിന്റെ രണ്ടാം പ്രേഷിതയാത്രയിൽ കടൽ മുറിച്ച് കടന്നാണ് അദ്ദേഹം എ.ഡി. 52-ൽ മാല്യങ്കരയിൽ കപ്പലിറങ്ങിയതെന്ന് കരുതപ്പെടുന്നു. മുസിരിസിൽ എത്തി ചേരസാമ്രാജ്യാധിപനായ ഇമയവമ്പൻ പെരുമാളെ തിരുവഞ്ചികുളത്തുള്ള രാജധാനിയിൽച്ചെന്ന് സന്ദർശിച്ച് പുതിയ മതം പ്രചരിപ്പിക്കുന്നതിന് അദ്ദേഹം അനുവാദം വാങ്ങിയതായും പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു[13]. ബുദ്ധമതത്തിന് പ്രചുരപ്രചാരംസിദ്ധിച്ചിരുന്ന ചേരസാമ്രാജ്യത്തിന്റെ എല്ലാ കേന്ദ്രങ്ങളിലും വിശുദ്ധൻ സുവിശേഷവുമായിച്ചെന്നു. ബാബിലോൺ അടിമത്തകാലംമുതലേ പ്രവാസികളായിരുന്ന യഹൂദരുടെ ഒരു ചെറിയ സമൂഹം മുസിരിസിൽ ഉണ്ടായിരുന്നതായി വിശ്വസിക്കപ്പെടുന്നു. കർത്താവിന്റെ കല്പനയനുസരിച്ച് മുസിരിസിലും, പരിസര പ്രദേശങ്ങളിലുമുള്ള സ്വന്തദേശക്കാരോടാണ് തോമാശ്ലീഹ ആദ്യം സുവിശേഷമറിയിച്ചത്. അവരിൽ കുറേപ്പേർ വിശ്വാസം സ്വീകരിച്ചതായും കരുതപ്പെടുന്നു. ഇക്കാരണത്താൽ കേരളസുറിയാനി ക്രൈസ്തവരിൽ യഹൂദരുടെ പിൻമുറക്കാരും ചെറിയ അളവിൽ ഉൾപ്പെടുന്നുണ്ട്.

കേരള പ്രദേശം അന്ന് അഞ്ച് ഉപനാടുകളായിട്ടാണ് കിടന്നിരുന്നത്. തെക്കുനിന്ന് വടക്കോട്ട് അവ വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കാക്കനാട് എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു[14]. ഇവയിൽ വേണാട്, കുട്ടനാട്, കുടനാട് എന്നീ ദേശങ്ങളുടെ തീര പ്രദേശങ്ങളിലും, ദേശത്തെ നദികളുടെ കരകളിലുള്ള ഗ്രാമങ്ങളിലും, പട്ടണങ്ങളിലും ശ്ലീഹാ സുവിശേഷമറിയിച്ചു. കുടനാട് പ്രദേശത്തെ പാലയൂർ, കൊടുങ്ങല്ലൂർ, കൊട്ടേക്കാവ് എന്നിവിടങ്ങളിലും, കുട്ടനാട് പ്രദേശത്തെ കോക്കമംഗലത്തും (തെക്കൻ പള്ളിപുറം) വേണാട് പ്രദേശത്തുപെടുന്ന കൊല്ലം, നിരണം, നിലയ്ക്കൽ എന്നിവിടങ്ങളിലും ക്രൈസ്തവസമൂഹങ്ങൾ രൂപീകൃതമായി. ഇതേത്തുടർന്നാണ് അപ്പസ്തോലൻ ചോഴ മണ്ഡലത്തേക്ക് സുവിശേഷമറിയിക്കാൻ പോയതും മൈലാപ്പൂരിൽ വച്ച് രക്തസാക്ഷിത്വം വഹിച്ചതും.

പെരിയാറും, ചാലക്കുടിപ്പുഴയും കടലിൽ ചേരുന്നതിനു മുമ്പ് അവയുടെ ശാഖകൾ സന്ധിച്ച് ഒരു കായൽ രൂപപ്പെടുന്നുണ്ടല്ലോ. കൊടുങ്ങല്ലൂർ, പറവൂർ, കോക്കമംഗലം, പാലയൂർ, മലയാറ്റൂർ, മൂഴിക്കുളം തുടങ്ങിയ പുരാതന വ്യാപാരകേന്ദ്രങ്ങൾ എല്ലാത്തിനേയും ജലമാർഗ്ഗം ബന്ധിപ്പിക്കുന്ന കേന്ദ്രബിന്ദുവാണ് ഈ കായൽപ്പരപ്പ്. ഈ ജലമാർഗ്ഗത്തിന്റെ തീരങ്ങളിലാണ് മദ്ധ്യകേരളത്തിലെ എല്ലാ ആദിമക്രൈസ്തവ സമൂഹങ്ങളും നിലകൊള്ളുന്നത്. പറവൂർ, “ഐരാണിക്കലം” (ഐരാണിക്കുളം), “മൂലിക്കലം” (മൂഴിക്കുളം), “കുലവൂർ (അന്നമനട-കല്ലൂർ) തുടങ്ങിയ പുരാതന ബ്രാഹ്മണഗ്രാമങ്ങളും മേൽ പറഞ്ഞ ജലമാർഗ്ഗത്തിന്റെ തീരങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. സെന്റ് തോമാസ് രൂപീകരിച്ച ആദിമ സഭാസമൂഹങ്ങൾ ഉത്ഭൂതമായത് ഈ ബ്രാഹ്മണസമൂഹങ്ങളിൽ നിന്ന് വിശ്വാസം സ്വീകരിച്ചവരിൽ നിന്നാണ്.

കൊടുങ്ങല്ലൂരിൽനിന്ന് കായൽഭാഗങ്ങൾ കടന്ന് ചാലക്കുടി പുഴയിലൂടെ കിഴക്കോട്ടു പോരുമ്പോൾ പുഴയുടെ രണ്ട് ഭാഗങ്ങളിലുമായി പാറക്കടവ്, മൂഴിക്കുളം, ഇളവൂർ തുടങ്ങിയ സ്ഥലങ്ങളിൽ വളരെ പുരാതനമായ ബ്രാഹ്മണ അധിവാസകേന്ദ്രങ്ങൾ ഇന്നും കാണാം. മൂഴിക്കുളത്തെ അധിവാസകേന്ദ്രം കേരളത്തിലെ ഏറ്റവും പുരാതനമായ അധിവാസ കേന്ദ്രങ്ങളിൽ ഒന്നാണെന്ന് തെളിഞ്ഞി

ട്ടുണ്ട്. അവിടത്തെ അതിപുരാതനമായ ലക്ഷ്മണക്ഷേത്രവും, അതിനു ചുറ്റുപാടുമായി കിടക്കുന്ന മാരാമിറ്റം, മാളിയേക്കൽ, കണ്ണംകുഴ, മരുത്തൂർ, കാളത്തിമേക്കാട്ട്, വടക്കെപ്പാട്ട്, കരിങ്ങപ്പിള്ളി സ്വരൂപം തുടങ്ങി ഇരുന്നൂറോളം വളരെ പഴക്കമുള്ള മനകളും വിളിച്ചറിയിക്കുന്നത് നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ ആ പ്രദേശം ബ്രാഹ്മണരുടെ ഒരു വലിയ കേന്ദ്രംതന്നെയാണെന്നാണ്. “മൂഴിക്കുളം കച്ചം” എന്ന പേരിലറിയപ്പെടുന്ന പുരാതന ക്ഷേത്രാചാരനിയമസംഹിത ഈ ബ്രാഹ്മണാധിവാസ കേന്ദ്രത്തിൽ നിന്ന് ഉത്ഭൂതമായിട്ടുള്ളതാണ്. മൂഴിക്കുളം ലക്ഷ്മണക്ഷേത്രത്തിന്റെ ഊരാളന്മാർ, ആ പ്രദേശത്തിന്റെ അറിയപ്പെടുന്ന ചരിത്രം തുടങ്ങുന്ന കാലംമുതൽ 10 പ്രധാനപ്പെട്ട ഇല്ലക്കാരാണ്. അവയിലൊന്നാണ് പാറക്കടവിൽനിന്നും 3 കി.മീ. വടക്കുമാറി കൊച്ചുകടവ് എന്ന സ്ഥലത്ത് വളരെയേറെ ക്ഷയിച്ച നിലയിലാണെങ്കിലും ഇപ്പോഴും സ്ഥിതിചെയ്യുന്ന ആലപ്പാട്ട് മന. നാനൂറ് കൊല്ലം മുമ്പുവരെ പുഴയുടെ തെക്കേകരയിൽ മൂഴിക്കുളത്തിന്റെ പടിഞ്ഞാറെ ഭാഗത്തായി കിടക്കുന്ന അയിരൂർ എന്ന സ്ഥലത്തായിരുന്നു ആ മന. അന്ന് അവർ വലിയ പ്രതാപശാലികളുമായിരുന്നു. ഏതാനും ദശാബ്ദങ്ങൾമുമ്പ്വരെ ചങ്ങനാശ്ശേരിയിൽ 300 ഏക്കർ ഭൂമിയുൾപ്പെടെ വിവിധ സ്ഥലങ്ങളിലായി ആലപ്പാട്ട് മനയ്ക്ക് 5 ദേശവഴികളുണ്ടായിരുന്നു. അവയിലൊന്ന് തൃപ്രയാറിനടുത്ത് ഇപ്പോൾ ‘ആലപ്പാട്’ എന്നു വിളിക്കുന്ന സ്ഥലത്തായിരുന്നുവെന്ന് സൂചനകളുണ്ട്. ഇപ്പോൾ നിശ്ശേഷം നശിച്ചു പോയിരിക്കുന്ന ആ മനയിൽ നിന്നായിരിക്കണം ആലപ്പാടെന്ന സ്ഥലനാമമുണ്ടായതെന്ന് വിചാരിക്കുന്നതിൽ തെറ്റില്ല. തൃപ്രയാർഭാഗത്ത് വേരുള്ള ‘ആലപ്പാട്ട്’ മേനോൻ കുടുംബക്കാർ ഇപ്പോഴുമുണ്ട്. അവർക്ക് ആ പേരു കിട്ടിയത് മേൽപറഞ്ഞ മനയുമായുള്ള ബന്ധംമൂലമായിരിക്കണം. മൂഴിക്കുളത്തുള്ളത് ലക്ഷ്മണക്ഷേത്രമാണെങ്കിൽ തൃപ്രയാറുള്ളത് ശ്രീരാമക്ഷേത്രമാണ്. രണ്ടു ക്ഷേത്രങ്ങളും അവരുടെ ഊരാളന്മാരും തമ്മിൽ അടുത്ത ബന്ധമുണ്ടാകുന്നത് തികച്ചും സ്വാഭാവികംമാത്രമാണല്ലോ?

പറവൂർ രാജകുടുംബമായ വടക്കെപ്പാട്ടു മഠം, ഇളവൂരിലെ കണ്ണംകുഴ മന, പാറക്കടവിലെ കാളത്തിമേക്കാട്ടുമന തുടങ്ങിയ മനകളുമായി പണ്ടുമുതലേ ആലപ്പാട്ട് മനക്കാർക്ക് അടുത്ത

ബന്ധമുണ്ടായിരുന്നു. തങ്ങളുടെ പ്രതാപത്തിനൊത്ത വലിയ സ്ഥാനപ്പേരുകളും ആ മനയിലെ കാരണവന്മാർക്കുണ്ടായിരുന്നതായി കാണുന്നുണ്ട്. 'ആലപ്പാട്ട്' എളമ്പർ കോട്ടത്ത്, പുണർവട്ടത്ത് എന്നുകൂടി സ്ഥാനപ്പേരുള്ള ഇരവി, ഇരവി ദാമോദരൻ നമ്പൂതിരിപ്പാട് എന്നാണ് ഇപ്പോഴുള്ളവരുടെ കാരണവരെ വിളിച്ചിരുന്നത്. ഇപ്പോൾ ആലപ്പാട്ടു മന വളരെയേറെ ക്ഷയിച്ചിരിക്കുന്നു. രണ്ടേക്കറിൽ താഴെ ഭൂമി മാത്രമേ സ്വന്തമായുള്ളൂ. ആലപ്പാട്ട് കുഞ്ഞനിയൻ എന്നു വിളിക്കുന്ന ദാമോദരൻ നമ്പൂതിരിപ്പാടിന്റെ മൂത്ത മകൻ നാരായണൻ നമ്പൂതിരിപ്പാടിന്റെ ഭാര്യയും മക്കളുമാണ് ഇന്ന് ആകെ മനയിലുള്ളത്. മൂത്ത പെൺ മക്കളുണ്ടായിരുന്നത് വിവാഹിതരായി.

വലിയ പ്രതാപശാലികളായിരുന്ന ഈ ആലപ്പാട്ട് മനയിൽ നിന്ന് ഒരു ഇളമുറക്കാരൻ, തോമാശ്ലീഹാ ആ പ്രദേശത്ത് സുവിശേഷം പ്രസംഗിച്ചിരുന്ന കാലത്ത് ക്രിസ്തുമാർഗ്ഗം സ്വീകരിച്ചെന്നും, ഉടനെത്തന്നെ ഇല്ലത്തുനിന്നു ഭൃഷ്ടനായെങ്കിലും കുറെക്കാലം അദ്ദേഹവും കുടുംബവും മൂഴിക്കുളം ഭാഗത്തുതന്നെ താമസിച്ചുവെന്നുമാണ് ഐതിഹ്യം. ഇങ്ങനെയാണ് ക്രൈസ്തവകേരളത്തിന്റെ ഏതാണ്ടെല്ലായിടത്തുംതന്നെ വ്യാപിച്ചു കിടക്കുന്ന ക്രൈസ്തവ ആലപ്പാട്ട് തറവാടിന്റെ ഉത്ഭവം. ഈ മേഖലയിൽനിന്നുതന്നെ മറ്റു മനകളിൽനിന്നും ക്രിസ്തുമാർഗം സ്വീകരിച്ച് ക്രിസ്തീയകുടുംബങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാം. പറവൂരിലെ നെടുംതള്ളി മാളിയേക്കൽ, മഴുവഞ്ചേരി പറമ്പത്ത് തുടങ്ങിയവ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ക്രൈസ്തവ ആലപ്പാട്ടു കുടുംബവും സമീപ പ്രദേശങ്ങളിലെ മറ്റു മനകളിൽനിന്ന് ക്രൈസ്തവ മാർഗ്ഗം സ്വീകരിച്ച കുടുംബങ്ങളും, ആദ്യം കൊട്ടേക്കാവ് സഭാസമൂഹത്തിലെ ഭാഗമായിരുന്നുവെന്നാണ് പാരമ്പര്യമായി വിശ്വസിച്ചുവരുന്നത്. വളരെ പുരാതനകാലം മുതലേ നിലവിലുള്ളതു കാരണമാണ് ആലപ്പാട്ട് കുടുംബം ഇത്രയേറെ വലുതാകാനും, വ്യാപിക്കാനും ഇടവന്നത്. ഈ കുടുംബത്തിലെ പിൻമുറക്കാർ കാലാകാലങ്ങളിൽ ഓരോ സ്ഥലങ്ങളിലേയ്ക്ക് പോവുകയും താമസിച്ച സ്ഥലത്തിനോടോ, ചുറ്റുപാടിനോടോ ഒക്കെ ബന്ധപ്പെട്ട പുതിയ വിളിപ്പേരുകൾ സ്വീകരിക്കുകയും ചെയ്തതായിട്ടു കാണാം. ഇന്നു

കാണുന്ന ആലപ്പാട്ടു കുടുംബക്കാരിൽ ഒട്ടുവളരെ പേർ പഴയ ആലപ്പാട്ടു മനയിൽ നിന്നു തങ്ങളുടെ വീട്ടുപ്പേർ പൈതൃകമായി സ്വീകരിച്ചിട്ടുള്ളവരാണെന്നുള്ളതുറപ്പാണ്. ആലപ്പാട്ടു മനയിൽനിന്നും നേരിട്ടല്ലാതെ ഈ വീട്ടുപേർ വിവാഹബന്ധംവഴി സിദ്ധിച്ചവരും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

പഴയ കാലത്തെ ഒരു അലിഖിത നിയമമായിരുന്നു, ഏതെങ്കിലുമൊരു തറവാട്ടിൽ ആരെങ്കിലും ദത്തുനിന്നാൽ, അല്ലെങ്കിൽ കെട്ടിത്താമസിച്ചാൽ അങ്ങനെ നിൽക്കുന്ന പുരുഷൻ എവിടെ ദത്തു നിൽക്കുന്നുവോ, അല്ലെങ്കിൽ കെട്ടിത്താമസിക്കുന്നുവോ ആ തറവാടിന്റെ പേര് സ്വീകരിക്കണമെന്നത്. അങ്ങിനെ ദത്തുവഴിയായി ഒരാൾക്ക് പുതിയ തറവാട്ടുപേർ സിദ്ധിച്ചാലും അയാളുടെ സഹോദരന്മാരും മറ്റും പഴയ തറവാട്ടുപേരിൽതന്നെയാവും അറിയപ്പെടുക. മേൽപ്പറഞ്ഞ വിധത്തിൽ ആലപ്പാട്ട് തറവാട്ടിൽ കെട്ടിത്താമസിച്ചതുമൂലം ആലപ്പാട്ടെന്നു തറവാട്ടു പേർ കിട്ടിയ കുടുംബക്കാരുള്ളതായി മനസ്സിലാക്കിയിട്ടുണ്ട്. കൂടാതെ, ചിലരെങ്കിലും, ആലപ്പാട്ടു മനപ്പറമ്പിൽ താമസിച്ച് ആ പേർ സ്വീകരിച്ചവരാകാം. 'ആലപ്പാട്' എന്ന സ്ഥലത്തുനിന്ന് മറ്റു സ്ഥലങ്ങളിലേക്ക് താമസം മാറ്റിയവരെ 'ആലപ്പാടൻ' എന്ന് വിളിക്കാറുണ്ട്. പിൽക്കാലത്ത് ഇംഗ്ലീഷ് ഭാഷയിൽ പേരെഴുതാൻ തുടങ്ങിയപ്പോൾ ആലപ്പാടൻ എന്നത് ലോപിച്ച് ആലപ്പാട്ടെന്ന് ഉച്ചരിക്കാൻ തുടങ്ങിയതുമറിയാം. ഏതായാലും ഒരു കാര്യം തീർച്ചയാണ്. മൂഴിക്കുളം ഭാഗത്ത് ഇന്നും സ്ഥിതിചെയ്യുന്ന ആലപ്പാട്ടുമനയിൽനിന്നും പൈതൃകമായി വീട്ടുപേർ സ്വീകരിച്ച പുരാതനമായൊരു ക്രൈസ്തവ ആലപ്പാട്ടു തറവാടുണ്ടെന്നതാണ് അക്കാര്യം.

പാലസ്തീനായിലെ ആരഫാത്ത് മലയോട് ബന്ധപ്പെട്ട ആരഫാത്ത് എന്ന തറവാട്ടുപേരുള്ളവർ പശ്ചിമേഷ്യന് പ്രദേശങ്ങളിലുണ്ട്. ആ തറവാട്ടിൽപെട്ടവർ ആദ്യനൂറ്റാണ്ടുകളിൽ കുടിയേറ്റക്കാരായി മുസിറിസിൽ എത്തിയിരിക്കാമെന്നും, അവരുടെ പിൻമുറക്കാരാകാം ആലപ്പാട്ട് എന്ന് വീട്ടുപേരുള്ളവർ എന്നും ചിലർ അഭിപ്രായപ്പെട്ടു കണ്ടിട്ടുണ്ട്. ക്രൈസ്തവസഭയുടെ ഭാരതത്തിലെ പിള്ളത്തൊട്ടിലിൽത്തന്നെ ആലപ്പാട്ടെന്ന പേരോടുകൂടിയ ഒരു ബ്രാഹ്മണത്തറവാടുള്ളപ്പോൾ പശ്ചിമേഷ്യയിലെ ക്രൈസ്തവ

ആലപ്പാട്ട് തറവാട് സങ്കൽപ്പിക്കുന്നത് യുക്തിപരമായി തോന്നുന്നില്ല. തന്നെയുമല്ല, കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ ഉത്ഭവത്തെക്കുറിച്ചുള്ള എല്ലാ രേഖകളിലും പറയുന്നത് തോമാശ്ലീഹാ ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തിയെന്നാണ്. ഈ രണ്ടു സമൂഹങ്ങളും തമ്മിൽ, വിവാഹം തുടങ്ങിയ സാമൂഹികാചാരങ്ങളിൽ 1599-ന് മുമ്പ്വരെ നിന്നിരുന്ന സാമ്യം മറ്റൊരു തെളിവാണ്. പേർഷ്യൻ വ്യാപാരിയായ ക്നായിത്തൊാമ്മന്റെ സംഘത്തിൽ ഉൾപ്പെട്ടവരായിരുന്നു ആലപ്പാട്ടു കുടുംബക്കാരെങ്കിൽ തീർച്ചയായും അവർ തെക്കുംഭാഗരായി ഗണിക്കപ്പെട്ടേനെ. അതുകൊണ്ട് ആലപ്പാട്ട് കുടുംബത്തിന്റെ തായ്വേര് പശ്ചിമേഷ്യയിലാണെന്ന് കരുതാൻ നിവൃത്തിയില്ല.

## വിന്ന്യാസത്തിന്റെ നാൾവഴി

ക്രിസ്തീയവിശ്വാസം സ്വീകരിച്ച് കൊട്ടേകാവ് സഭാസമുഹത്തിൽ അംഗങ്ങളായി മൂഴിക്കുളം പ്രദേശത്ത് താമസിച്ചിരുന്ന ആലപ്പാട്ട് കുടുംബങ്ങളിൽ ചിലത് പിൽക്കാലത്ത് കൊടുങ്ങല്ലൂരിലേയ്ക്ക് മാറിത്താമസിച്ചു എന്നാണ് പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നത്.

പേർഷ്യയിലെ സാപ്പോർ രണ്ടാമൻ ചക്രവർത്തിയിടെ മതമർദ്ദനം മൂലമായിരിക്കണം, എ.ഡി. 345-ൽ ഏതാനും ക്രൈസ്തവ കുടുംബങ്ങൾ ക്നായിത്തൊാമ്മൻ എന്ന പേർഷ്യൻ കച്ചവടക്കാരന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂരിൽ അഭയംതേടിയെത്തിയത്[15]. അപ്പോൾ തോമശ്ലീഹായിൽനിന്നും മാർഗ്ഗം സ്വീകരിച്ചവരുടെ പിൻഗാമികൾ-പൂണൂൽ ധാരികളായ ക്രിസ്ത്യാനികൾ, കൊടുങ്ങല്ലൂരും, പരിസരത്തും ഉണ്ടായിരുന്നു. അവർ നവാഗതരെ ഹാർദ്ദമായി സ്വീകരിച്ചതായി ചരിത്രം ഉദ്ഘോഷിക്കുന്നു. നാടുവാഴികളായ ചേരമാൻ പെരുമാക്കന്മാർ പുരാതന ക്രിസ്ത്യാനികൾക്കും, നവാഗതർക്കും മാന്യമായ സ്ഥാനങ്ങളും, പല ആനുകൂല്യങ്ങളും അനുവദിക്കുകയുണ്ടായി. പശ്ചിമേഷ്യയിൽ നിന്നെത്തിവർക്ക് മഹാദേവർ പട്ടണത്തിന്റെ തെക്കുഭാഗത്തും, പുരാതന ക്രിസ്ത്യാനികൾക്ക് പട്ടണത്തിന്റെ വടക്കുഭാഗത്തും അധിവസിക്കാൻ അനുവദിക്കുകയും ചെയ്തു. വടക്കും ഭാഗരും തെക്കും ഭാഗരും തമ്മി

ലുള്ള വേർതിരിവ് ഇപ്രകാരമാണ് ഉത്ഭവിച്ചത്[16]. തങ്ങൾക്ക് പ്രത്യേക മായ ഒരു അധിവാസകേന്ദ്രം ലഭിച്ചപ്പോൾ സ്വാഭാവികമായും, പരിസരപ്രദേശങ്ങളിലെ, ധാരാളം ക്രിസ്ത്യാനികളും മഹാദേവർ പട്ടണത്തിന്റെ വടക്കൻപ്രദേശങ്ങളിൽ താമസിക്കാനെത്തി. ഇന്നത്തെ കൊടുങ്ങല്ലൂർ മുതൽ ചേറ്റുവ വരെയുള്ള പ്രദേശങ്ങൾ പെരുമാക്കന്മാരുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. മഹാദേവർ പട്ടണമെന്ന കൊടുങ്ങല്ലൂർ പ്രദേശം കേന്ദ്രസ്ഥാനമായും, കൊടുങ്ങല്ലൂർ പള്ളി തെക്കും, പാലയൂർസമൂഹം വടക്കുമായി കിട ക്കുന്ന ഈ പ്രദേശത്താണ് പ്രധാനമായും അന്ന് ക്രിസ്ത്യാനികൾ കേന്ദ്രീകരിച്ചിരുന്നത്. ഈ തീരപ്രദേശത്തിന് കിഴക്ക്, താരതമ്യേന ജനവാസം കുറഞ്ഞ സ്ഥലങ്ങളും, കാടുകളുമായിരുന്നു. ഇപ്രകാരം മഹാദേവർ പട്ടണപ്രാന്തപ്രദേശങ്ങളിലേയ്ക്ക് കുടിയേറിവയവരിൽ ആലപ്പാട്ടുകുടുംബങ്ങൾ ഉണ്ടായിരുന്നതായി പാരമ്പര്യമായി വിശ്വ സിക്കുന്നു. മഹാദേവർപട്ടണം ഭരിച്ച പെരുമാക്കന്മാർ ക്രിസ്ത്യാ നികൾക്ക് പല പദവികളും അനുവദിച്ചതിന് ധാരാളം തെളിവുകൾ നിലവിലുണ്ട്.

ആറാം നൂറ്റാണ്ടിൽ സംഭവിച്ച, ഒന്നാം ചേര സാമ്രാജ്യത്തിന്റെ പതനത്തെത്തുടർന്ന് പ്രദേശത്ത് വലിയ അരാചകത്വം നടമാ ടിയതായി ചരിത്രം സാക്ഷിക്കുന്നു[17]. നാടുവാഴികൾ തമ്മിലുള്ള കല ഹങ്ങളും നിരന്തര സംഭവമായിത്തീർന്നു. ഈ പശ്ചാത്തലത്തിൽ ആലപ്പാട്ട് കുടുംബക്കാരുൾപ്പെടെ കുറെ ക്രൈസ്തവ കുടുംബങ്ങ ൾ നാടിന്റെ നാനാഭാഗങ്ങളിലേക്ക് ചിതറിപ്പോയി. ക്രൈസ്തവകു ടുംബങ്ങളുടെ ഈ ആദ്യത്തെ വ്യാപനം 6-ാം നൂറ്റാണ്ടിലാണെ ന്നാണ് കരുതപ്പെടുന്നത്. രണ്ടാമത്തെ വലിയ വ്യാപനം നടന്നിട്ടു ള്ളത് എ.ഡി. 1100-നോടടുത്ത് സംഭവിച്ച മഹാദേവർപട്ടണനാശ ത്തോടനുബന്ധിച്ചാണ്. (അതേപ്പറ്റി അന്യത്ര പ്രതിപാദിക്കുന്നുണ്ട്). എ.ഡി. 12-ാം നൂറ്റാണ്ടുവരെ രണ്ട് ചേരസാമ്രാജ്യങ്ങളാണല്ലോ കേരളം ഭരിച്ചിരുന്നത്. ഇതിൽ ആദ്യചേരസാമ്രാജ്യം സംഘകാലാ രംഭംമുതൽ, അതായത് ബി.സി. ഒന്നാം നൂറ്റാണ്ടുമുതൽ എ.ഡി. ആറാം നൂറ്റാണ്ടുവരെ, നിലനിന്നു. രണ്ടാം ചേരസാമ്രാജ്യം തിരുവഞ്ചിക്കുളത്തെ കുലശേഖരന്മാരുടെ കീഴിൽ 9-ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടു വരെ നിലനിന്നു[18]. ഇതിൽ, ഒന്നാം ചേര

സാമ്രാജ്യകാലത്ത് ഇമയവമ്പൻ അഥവാ നെടും ചേരലാതന്റെ കാല ത്താണല്ലോ തോമാശ്ലീഹായുടെ ഭാരതപ്രവേശനം. സാംസ്ക്കാരി കതലത്തിൽ ബുദ്ധമതത്തിനായിരുന്നു പ്രാമാണ്യം. പഴയ തമിഴ്ഭാ ഷയായിരുന്നു ഇന്നാട്ടിലെ ഭാഷ. ആറാം ശതകത്തിൽ ഒന്നാം ചേര സാമ്രാജ്യം ക്ഷയിക്കുന്നതോടെ അസംഘടിതമായ ചെറു നാട്ടുരാ ജാക്കന്മാരുടെ ഭരണമാണ് കേരളം കണ്ടത്. മൂന്ന് നൂറ്റാണ്ടോളം ഈ നില തുടർന്നു. കുലശേഖരന്മാരുടെ കീഴിൽ രണ്ടാം ചേരസാ മ്രാജ്യം ശക്തിപ്രാപിക്കുന്നതോടെ സമൂഹം വലിയൊരളവിൽ ആര്യ വൽക്കരിക്കപ്പെടുന്നതായും, ബുദ്ധമതം നിഷ്ക്രമിച്ച് ഹിന്ദുമതം മുൻനിരയിലെത്തുന്നതായും കാണാം. പൗരാണിക ഗ്രാമങ്ങളിൽ ഒതുങ്ങിയിരുന്ന ബ്രാഹ്മണസംസ്ക്കാരവും സംസ്കൃതഭാഷയും സമൂഹജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും സ്വാധീനം ചെലു ത്താൻ തുടങ്ങി. ഭാഷാപരമായി മലയാളം വ്യതിരിക്തതയോടെ രൂപ മെടുക്കുകയും ചെയ്തു[19].

പെരുമാക്കന്മാർ എന്നറിയപ്പെടുന്ന ചേരരാജാക്കന്മാരുടെ കാലത്ത് ക്രൈസ്തവ സമൂഹത്തിന് അതീവ മാന്യമായ സ്ഥാന മാണ് നൽകപ്പെട്ടിരുന്നത്. വൈദേശിയതയുടെ മുദ്രയടിക്കപ്പെടാത്ത ഏകദേശീയ സമൂഹമായാണ് ക്രിസ്തുമതം നിലകൊണ്ടത്. എ.ഡി. രണ്ടാം ശതകത്തിൽ കേരളം സന്ദർശിച്ച ഈജിപ്ഷ്യൻ സന്ദർശക നായ പന്തേയനൂസ് ഇവിടത്തെ ക്രൈസ്തവ സമൂഹത്തെ അഭിവൃ ദ്ധിപ്രാപിച്ച ജനസമൂഹമായിട്ടാണ് വിവരിച്ചിരിക്കുന്നത്. ഇതിൽ നിന്ന് സംഘകാലത്തെ സാമൂഹികജീവിതത്തിനും സംസ്ക്കാര ത്തിനും ക്രൈസ്തവ സമൂഹം ഊറ്റമായ പങ്കു നൽകിയെന്നുവേണം അനുമാനിക്കാൻ. എ.ഡി. ആറാം ശതകത്തിൽ കേരളം സന്ദർശിച്ച ഗ്രീക്ക് സന്ന്യാസി കോസ്മോസിന്റെ രചനയിൽ ഇവിടത്തെ ക്രിസ്ത്യാനികൾ വാണിജ്യ രംഗത്ത് അദ്വിതീയസ്ഥാനം നേടിയി രുന്നതായി പ്രസ്താവിച്ചു കാണുന്നു[20]. എ.ഡി. 800 മുതൽ 1102 വരെ നിലനിന്ന രണ്ടാം ചേര സാമ്രാജ്യത്തിന്റെ കാലത്ത് ക്രൈസ്ത വസമൂഹം അഭിവൃദ്ധിയുടെ അഗ്രിമസ്ഥാനത്ത് എത്തിച്ചേരുകയു ണ്ടായി. ചേരഭരണ കാലഘട്ടത്തിൽത്തന്നെ ആദ്യത്തെ ഏഴ് ക്രൈസ്തവസമൂഹങ്ങൾ വികസിച്ച് സമീപ, വിദൂര പ്രദേശങ്ങളി ലേയ്ക്ക് വ്യാപിക്കാൻ തുടങ്ങിയതായി കാണുന്നു. അങ്ങനെ 11-ാം

നൂറ്റാണ്ടോടെ, മദ്ധ്യ-ദക്ഷിണ കേരളത്തിന്റെ പ്രധാന അധിവാസ കേന്ദ്രങ്ങളിലെല്ലാം വലുതോ ചെറുതോ ആയ ക്രൈസ്തവ സമൂഹങ്ങൾ ഉണ്ടായിരുന്നതായി കണക്കാക്കാം. കൃഷി, വാണിജ്യം, സൈനികസേവനം; ഇവ മൂന്നുമായിരുന്നു ക്രിസ്ത്യാനികളുടെ പ്രധാന തൊഴിലുകളെന്ന് പല ചരിത്രരേഖകളിലും നിന്ന് വ്യക്തമാണ്[21]. സഹ്യന് കിഴക്കനിന്ന് ആക്രമിച്ച ചോളരാജാക്കന്മാരുടെ സൈന്യത്തിനെതിരെ അണിനിരന്ന ചേരരാജസൈന്യത്തിൽ ക്രൈസ്തവർ ഒട്ടും കുറവല്ലാത്ത സംഖ്യ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. എന്നാലും വാണിജ്യ രംഗത്താണ് കൂടുതൽ ക്രൈസ്തവർ ചുവടുറപ്പിച്ചിരുന്നത്. രണ്ടാം ചേരസാമ്രാജ്യ കാലത്തെ സ്ഥാണു രവി ചക്രവർത്തിയുടെ ഭരണകാലത്ത് വേണാടിലെ അയ്യനടികൾ തിരുവടികൾ ചമച്ച തരസാപ്പള്ളി ചെപ്പേടിൻ പ്രകാരം കൊല്ലത്തെ ക്രിസ്ത്യാനികൾക്ക് വിലപ്പെട്ട ഒട്ടധികം അവകാശങ്ങളും, അധികാരങ്ങളും ലഭിച്ചിരുന്നതായി കാണുന്നു[22]. താഴെക്കാട് പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ശാസനത്തിൻപ്രകാരം മണിഗ്രാമത്തിലെ അംഗങ്ങളായ ചാത്തൻവടുകൻ, ഇരവിചാത്തൻ എന്നീ രണ്ട് ക്രിസ്ത്യൻ വണിക്കുകൾക്ക് ചില അധികാരങ്ങൾ ചാർത്തിക്കൊടുത്തതായി പറയുന്നു[23]. അപ്രകാരംതന്നെ വീരരാഘവചക്രവർത്തി എ.ഡി. 1225-ൽ എഴുതിക്കൊടുത്ത ചെമ്പു പട്ടയമനുസരിച്ച് അദ്ദേഹം മഹോദയപുരത്തെ ഇരവി കോർത്തനൻ എന്ന ക്രിസ്ത്യൻ വ്യാപാരിക്ക് ഒട്ടേറെ സ്ഥാനമാനങ്ങൾക്കുപുറമേ, മണിഗ്രാമമെന്ന വർത്തകസംഘത്തിന്റെ നായകപദവിയും കൽപ്പിച്ചനുവദിച്ചതായി പറയുന്നു[24].

എ.ഡി. 800നോടടുത്താണ് രണ്ടാം ചേരസാമ്രാജ്യം അഥവാ കുലശേഖരന്മാരുടെ ഭരണം തിരുവഞ്ചിക്കുളം അഥവാ മഹോദയപുരം തലസ്ഥാനമാക്കി ആരംഭിക്കപ്പെട്ടത്. എ.ഡി. 800 മുതൽ 1102 വരെ പതിമൂന്ന് കുലശേഖരരാജാക്കന്മാർ തിരുവഞ്ചിക്കുളം ആസ്ഥാനമാക്കി ഭരണംനടത്തിയിരുന്നു[25]. അവസാനത്തെ കുലശേഖരനായ രാമവർമ്മ കുലശേഖരന്റെ അന്ത്യത്തോടെ ചേരസാമ്രാജ്യഭരണവും അസ്തമിച്ചു. കുലശേഖരഭരണത്തിന്റെ അവസാനത്തെ നൂറു വർഷങ്ങൾ ചോളന്മാരുമായി നിരന്തര യുദ്ധങ്ങൾ നടക്കുകയുണ്ടായി. അന്തിമവിജയം ചേരന്മാർക്കായിരുന്നുവെങ്കിലും, ഈ നൂറ്റാണ്ടു

യുദ്ധം ചേരസാമ്രാജ്യത്തിന്റെ അന്ത്യത്തിന് വഴിതെളിയിച്ചു[26]. ചോള രാജാവായ കുലോത്തുംഗൻ ഒന്നാമൻ നഞ്ചിനാട്ടിലും, ദക്ഷിണകേരളത്തിലും ജൈത്രയാത്രകൾ നടത്തി 1095–ൽ വേണാട് അധിപതിയെ തോല്പിച്ച് കൊല്ലം പട്ടണം നശിപ്പിച്ചു. പിന്നീട് മദ്ധ്യകേരളത്തിലെ കുലശേഖരതലസ്ഥാനമായ തിരുവഞ്ചിക്കുളമായി കുലോത്തുംഗന്റെ ലക്ഷ്യം. തുടർന്ന് വന്ന വർഷങ്ങളിൽ നടന്ന യുദ്ധങ്ങളിൽ ചോളസൈന്യം ചേരരാജധാനിയായ മഹോദയപുരവും, പരിസരപ്രദേശങ്ങളും ചുട്ടെരിക്കുകയുണ്ടായി[27]. കുലശേഖരന്മാർ തലസ്ഥാനം തിരുവഞ്ചിക്കുളത്തുനിന്ന്മാറ്റാനും നിർബന്ധിതരായി. ഈ നൂറ്റാണ്ടുയുദ്ധകാലത്തും, മഹോദയപുരം പട്ടണനാശകാലത്തുമാണ് ക്രൈസ്തവ കുടുംബങ്ങൽ മഹോദയപുരം വിട്ട് മറ്റ് സ്ഥലങ്ങളിലേയ്ക്ക് വ്യാപകമായി കുടിയേറിയതെന്നു വ്യക്തമാണ്. തെക്കുംഭാഗക്കാർ പ്രധാനമായും കോട്ടയം പ്രദേശത്തേക്കാണ് പലായനംചെയ്തത്. വടക്കും ഭാഗക്കാർ വടക്കും, കിഴക്കും ദിശകളിലേക്ക് പ്രധാനമായി നീങ്ങി. മഹോദയപുരത്തും പ്രാന്തപ്രദേശങ്ങളിലുമുള്ള കുറെ ആലപ്പാട്ട് കുടുംബങ്ങളും ഇപ്രകാരം നീങ്ങുകയുണ്ടായി. മൂവ്വാറ്റുപുഴ, കുറവിലങ്ങാട്, തൊടുപുഴ, കോതമംഗലം ഭാഗങ്ങളിൽ ആലപ്പാട്ട് കുടുംബത്തിന്റെ ചില ശാഖകൾ ഉത്ഭവിച്ചത് ഇപ്രകാരമാണെന്ന് കരുതപ്പെടുന്നു. എന്നാൽ കുറെ ആലപ്പാട്ട് കുടുംബങ്ങൾ മഹാദേവർപട്ടണത്തിന്റെ വടക്കൻഭാഗങ്ങളിൽ ചേരരാജാക്കന്മാരുടെ ഭരണസീമയിലേയ്ക്ക് തന്നെ മാറിയതായി കരുതപ്പെടുന്നു. ചെന്നസ്ഥലങ്ങളിൽ ഇവർക്ക് പുതിയ അനുബന്ധപ്പേരുകളും സിദ്ധിച്ചതായി കാണക്കാക്കുന്നു. ചെന്ത്രാപ്പിന്നി പ്രദേശത്ത് ഇപ്പോഴും നിലവിലുള്ള ആലപ്പാട്ട് തോട്ട്യാൻ, പഴുവിൽ പ്രദേശത്തെ ആലപ്പാട്ട് പള്ളിപ്പുറത്തുകാരൻ, ആലപ്പാട്ട് ചാക്കേരി തുടങ്ങിയ കുടുംബങ്ങൾ ഈ ഗണത്തിലാകാൻ സാദ്ധ്യതയുണ്ട്. പുത്തൻചിറപ്രദേശത്തുള്ള ആലപ്പാട്ട് കുടുംബക്കാർ പറവൂർ നിന്ന് അവിടേയ്ക്ക് നേരിട്ട് കുടുയേറിയവരോ, മഹാദേവർപ്പട്ടണനാശത്തെത്തുടർന്ന് കിഴക്കോട്ട് നീങ്ങിയവരോ ആകാമെന്ന് കരുതപ്പെടുന്നു. മാള, അമ്പഴക്കാട് തുടങ്ങിയ പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിലും, അപ്രകാരം വിന്യസിക്കപ്പെട്ട ആലപ്പാട്ട് കുടുംബങ്ങൾ ഉണ്ടായിരുന്നതായി വിശ്വസിച്ചുവരുന്നു.

## സ്വരൂപങ്ങളുടെ കാലഘട്ടം

എ.ഡി. 1102 നോടുകൂടി കുലശേഖരഭരണം അവസാനിച്ചതായി മുമ്പ് സ്ഥാപിച്ചിട്ടുണ്ടല്ലോ. ചേരരാജാക്കന്മാരുടെ ഭരണാവസാന ത്തെത്തുടർന്ന് ചേരസാമ്രാജ്യം ശിഥിലമായിത്തീർന്നു. ഇതേത്തു ടർന്ന് അനേകം ചെറുസ്വരൂപങ്ങൾ അഥവാ ചെറുരാജ്യങ്ങൾ ഉത്ഭ വിച്ചു. ഇതിൽ തെക്കു വേണാട് 1314 വരെ ചേരരാജാക്കന്മാ രിൽത്തന്നെ ഒരു ശാഖ ഭരണംനടത്തുകയുണ്ടായി. എന്നാൽ മദ്ധ്യ, ഉത്തരകേരളത്തെ സംബന്ധിച്ചിടത്തോളം രണ്ട് സ്വരൂപങ്ങൾ പ്രാമുഖ്യംപ്രാപിച്ച് ഭരണം നടത്തിവന്നതായിട്ടാണ് കാണുന്നത്. കോഴിക്കോട് പ്രമുഖരായിത്തീർന്ന് നെടിയിരുപ്പ് സ്വരൂപവും, കൊച്ചി യിൽ ഭരണം കൈയ്യാളിയ പെരുമ്പടപ്പ് സ്വരൂപവും. പെരുമ്പടപ്പ് അമ്മവഴിയിൽ മഹോദയപുരത്തെ കുലശേഖരന്മാരുടെ പിൻമുറ ക്കാരാണെന്നു കരുതപ്പെടുന്നു. 13–ാം ശതകത്തിന്റെ അവസാനം വരെ പെരുമ്പടപ്പ് സ്വരൂപം ആസ്ഥാനമുറപ്പിച്ചിരുന്നത് പൊന്നാനി താലൂക്കിലെ വന്നേരിയിലാണ്. 13–ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ സ്വരൂപത്തിന്റെ ആസ്ഥാനം മഹോദയപുരമെന്ന കൊടുങ്ങല്ലൂരായി[28]. നെടിയിരുപ്പ് സ്വരൂപമെന്ന സാമൂതിരിയുമായി ഉണ്ടായ നിരന്തരയു ദ്ധങ്ങളെത്തുടർന്ന് പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനം പിന്നീട് കൊച്ചിയിലേയ്ക്ക് മാറ്റുകയാണുണ്ടായത്. 1341–ലെ പെരുംവെള്ള ത്തിൽ കൊടുങ്ങല്ലൂർ തുറമുഖത്തിനും പാപ്പനിവട്ടം പ്രദേശത്തിനും വന്ന കനത്ത നാശനഷ്ടങ്ങൾ ഇതിന് മറ്റൊരു കാരണമായി ഭവി ച്ചു. ഇരവി കോർത്തനൻ എന്ന ക്രൈസ്തവ കച്ചവടക്കാരന് സ്ഥാന മാനങ്ങൾ നൽകിയ വീരരാഘവചക്രവർത്തി പെരുമ്പടപ്പ് സ്വരൂപ ക്കാരനാണ്. പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആദ്യശതകങ്ങളിൽത്തന്നെ സ്വരൂപികൾ ക്രൈസ്തവരെ ആദരിച്ചിരുന്നുവെന്നും അവരുടെ വാണിജ്യത്തിന് നിർലോഭം പിൻതുണ നൽകിയിരുന്നുവെന്നും ഇത് സൂചിപ്പിക്കുന്നു. കുലശേഖരഭരണകാലത്തെപ്പോലെതന്നെ പെരുമ്പടപ്പ് സ്വരൂപികളുടെ ഭരണകാലത്തും ക്രൈസ്തവ കുടും ബങ്ങൾ വ്യാപാരം, കൃഷി തുടങ്ങിയ വൃത്തികൾക്കായി പുതിയ സ്ഥലങ്ങളിലേയ്ക്ക് താമസംമാറ്റി വികാസം നേടുകയാണ് ചെയ്ത ത്. ആലപ്പാട്ട് മൂലകുടുംബത്തിന് ഇക്കാലയളവിൽ വൻ വികാസം സംഭവിച്ചതായി മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ കുടുംബത്തിലെ ഒരു ശാഖ പെരുമ്പടപ്പിന്റെ മേൽക്കോയ്മ അംഗീകരിച്ചിരുന്ന അയി രൂർ അഥവാ പാപ്പനിവട്ടം രാജ്യത്ത് നിലനിന്നിരുന്നു. ഈ ശാഖ യുടെ വികാസത്തെത്തുടർന്ന് ഏതാനും കുടുംബങ്ങൾ അയിരൂർ

രാജ്യാതിർത്തിക്ക് പുറത്ത് പെരുമ്പടപ്പിന്റെ മേൽക്കോയ്മ അംഗീകരിച്ചിരുന്ന പറപ്പൂക്കര പ്രദേശത്തേയ്ക്ക് താമസംമാറ്റുകയുണ്ടായി. പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യശതകങ്ങളിലാണ് ഈ കുടിയേറ്റമെന്ന് കരുതപ്പെടുന്നു. സാമൂതിരിയുടെ സൈന്യാധിപന്മാരായ മരിക്കാർമാരിൽനിന്നുണ്ടായ ഉപദ്രവമാണ് ഈ പാലായനത്തിനു ഹേതുവെന്ന് കരുതപ്പെടുന്നു. ഈ കുടുംബ താവഴിയിലെ ഒരു കുടുംബം 1704-ാം ആണ്ടിൽ പറപ്പുക്കരയുടെ വടക്കേ അതിർത്തിയിലുള്ള കുറുമാലിപ്പുഴയുടെ കുറുകെ അന്നുണ്ടായിരുന്ന പാലത്തിന് സമീപം താമസമാക്കി. മറ്റു ചില ആലപ്പാട്ട് കുടുംബങ്ങൾ പറുപ്പൂക്കര അങ്ങാടിയുടെ തെക്കേ അറ്റാത്തായിരുന്നു താമസം. പാലത്തിന്റെ സമീപത്ത് താമസിച്ചിരുന്ന ആലപ്പാട്ടുകാർക്ക് 'പാലത്തിങ്കൽ' എന്നും, അങ്ങാടിയുടെ 'തെക്കേത്തലക്കൽ താമസിച്ചിരുന്നവർക്ക് തെക്കേത്തല'കളെന്നും വിളിപ്പേരുകളുണ്ടായി. പറപ്പൂക്കര പള്ളിയിലെ പഴയ രേഖകളിൽ ആലപ്പാട്ടെന്ന തറവാട്ടുപേർ മാത്രമേ കാണുന്നുള്ളൂ. പാലത്തിങ്കലെന്നോ, തെക്കേത്തലയെന്നോ ഉള്ള വീട്ടു പേരുകൾ ഇല്ല. അവ വെറും വിളിപ്പേരുകൾ ആയതുകൊണ്ടാണ് പള്ളി രേഖകളിൽ കാണാത്തതെന്നുള്ള തുറപ്പാണ്. ശ്രീമാൻ ടി.എൽ. വരുഗീസ് (ആലപ്പാട്ട് തെക്കേത്തല) 1982-ൽ പ്രസിദ്ധീകരിച്ച (80-ാം വയസ്സിൽ) 'ഓർമ്മയുടെ ഓളങ്ങളിൽ' എന്ന പുസ്തകത്തിൽ കാട്ടൂർ പുരാതനമായ ആലപ്പാട്ട് തറവാടിന്റെ ശാഖയാണ് തങ്ങളെന്നും, പറപ്പൂക്കരയുടെ തെക്കേ അറ്റത്ത് താമസിച്ചിരുന്നതുകൊണ്ട് തെക്കേത്തലയെന്ന്, ചേർത്തു വിളിച്ചുവരുന്നുവെന്നും എഴുതിയിരിക്കുന്നത് യുക്തമായി തോന്നുന്നു. ഔദ്യോഗികരേഖകളിൽ ആലപ്പാട്ട് എന്ന് മാത്രമാണ് ചേർത്തിരിക്കുന്നതെന്നും അദ്ദേഹം തുടർന്നെഴുതിയിട്ടുണ്ട്[30].

മൂലതറവാട്, അനുബന്ധപ്പേരുകൾ, വിളിപ്പേരുകൾ തുടങ്ങിയവയെപ്പറ്റി നമ്മുടെ സമൂഹത്തിൽ കാലാകാലങ്ങളായി നിലവിലുള്ള ധാരണകളെക്കുറിച്ച് ഇവിടെ അല്പം വിശദീകരിക്കുന്നത് അസ്ഥാനത്താകില്ലെന്ന് വിശ്വസിക്കുന്നു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, രണ്ടോ മൂന്നോ ഡസൻ അടിസ്ഥാന തറവാട്ടുപേരുകൾ മാത്രമാണുള്ളതെന്ന് തറവാടുകളുടെ വികാസ ചരിത്രം വിശകലനം ചെയ്താൽ കാണാം. ഈ മൂല തറവാട്ടുപേരുകളുടെ അനുബന്ധപ്പേരുകളും വിളിപ്പേരുകളും ചിരപ്രതിഷ്ഠനേടുകവഴിയാണ് കൂടുതൽ തറവാട്ടുപേരുകൾ ഉത്ഭവിച്ചിട്ടുള്ളതും സ്ഥായീരൂപം കൈവരിച്ചതും. മദ്ധ്യതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം, ഓരോ കുടുംബവും, ഭാഗം ലഭിച്ച്

പുതിയ പറമ്പിൽ വീടി വച്ച് താമസിക്കുമ്പോൾ ആ പറമ്പിന്റെ പേര് തറവാട്ടുപേരിൽ ചേർക്കുന്നത് ഇപ്പോഴും നിലവിലുള്ള ആചാരമാണ്. “പ്ലാപറമ്പിൽ”, “ആഞ്ഞിലി നിൽക്കുന്നതിൽ”, “അയിനിമൂട്ടിൽ” തുടങ്ങി താമസിക്കുന്ന പറമ്പിന്റെ പ്രത്യേകതയെക്കൂട്ടിച്ചേർത്ത് വീട്ടുപേരുകൾ ഉത്ഭവിക്കുന്നതായി കാണാം. മദ്ധ്യകേരളത്തിനെ സംബന്ധിച്ചിടത്തോളം ഓരോ മാറിത്താമസിക്കലിനും, പുതിയ വീട്ടുപേർ സിദ്ധിക്കുന്നതായി കാണുന്നില്ലെങ്കിലും, മൂലതറവാടിനോടൊപ്പം, താമസ സാഹചര്യത്തിന്റെ അനുബന്ധപ്പേരുകൾ കാലപ്പഴക്കത്താൽ ചിരപ്രതിഷ്ഠ നേടുന്നതായി കാണുന്നുണ്ട്. മദ്ധ്യ കേരളത്തിലെ എല്ലാ പ്രമുഖതറവാടുകൾക്കും ഇപ്രകാരം മൂലതറവാട്ടുപേരും, അനുബന്ധപ്പേരും ഉള്ളതായിട്ടു കാണാം. ‘എലുവത്തിങ്കൽ കാട്ടൂക്കാരൻ’, ‘താണിക്കൽ കോടങ്കണ്ടത്ത്’, “തേയ്ക്കാനത്ത് പണ്ടാരവളപ്പിൽ” തുടങ്ങിയവ ചില ഉദാഹരണങ്ങൾമാത്രം. തെക്ക്, പറമ്പുകളുടെ പേരുകളാണ് കൂടുതലായി അനുബന്ധപ്പേരായി സിദ്ധിച്ചിരുന്നതെങ്കിൽ, മദ്ധ്യകേരളത്തിൽ സ്ഥലനാമങ്ങളാണ് തറവാട്ടു പേരിനോട് കൂടുതൽ അനുബന്ധപ്പേരുകളായി കാണുന്നത്. “ഒല്ലൂക്കാരൻ”, “തൃശൂർക്കാരൻ”, “അരണാട്ടുകരക്കാരൻ” തുടങ്ങിയ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നിരത്താം. താമസസ്ഥലസാഹചര്യങ്ങളോടു ബന്ധപ്പെടുത്തി രൂപീകൃതമായ വീട്ടുപേരുകളും ഒട്ടും കുറവല്ല. “തറയിൽ”, “പ്ലാക്കൽ”, “ആലൂക്കൽ”, “കോട്ടയ്ക്കകത്ത്കാരൻ” തുടങ്ങിയവ ഈ ഗണത്തിൽപെടും. ആലപ്പാട്ടു പാലത്തിങ്കൽ തറവാടിനെ സംബന്ധിച്ചിടത്തോളം, ആലപ്പാട്ടു തറവാട്ടിൽപെട്ട രണ്ടുകൂട്ടർ പറപ്പൂകരയുടെ രണ്ട് ഭാഗത്തായി താമസിച്ചപ്പോൾ വിളിപ്പേരായി കിട്ടിയതാണ് പാലത്തിങ്കലെന്നതും, തെക്കേത്തലയെന്നതും. ഇവ രണ്ടും വിളിപ്പേരായതുകൊണ്ട് ആദ്യകാലത്ത് ഒരു ഔദ്യോഗികരേഖകളിലും ഈ പേരുകൾ ചേർത്തിയിരുന്നില്ല എന്നത് വ്യക്തം. ഈ അടുത്ത കാലം വരെയുള്ള പള്ളിരേഖകളിലൊന്നും തന്നെ പാലത്തിങ്കലെന്നു കാണുന്നില്ല. ‘ആലപ്പാട്ട്’ എന്ന് മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ആലപ്പാട്ടിന്റെ കൂടെ പാലത്തിങ്കൽ എന്നുകൂടി ചേർത്തു കാണുന്നതല്ലാതെ പാലത്തിങ്കൽ എന്നുമാത്രം ഒരു ഔദ്യോഗിക പള്ളിരേഖയിലും കാണുന്നില്ല. 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതലുള്ള പഴുവിൽ പള്ളിരേഖകൾ ഈ ലേഖകൻ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്, അക്കാലത്തും തുടർന്നുവരുന്ന ഒന്നര നൂറ്റാണ്ടുകാലത്തും പള്ളിരേഖ പ്രകാരം കാട്ടൂർ മുറിയിലും

വലപ്പാട്ടുമുറിയിലുമെല്ലാം ആലപ്പാട്ട്, എന്ന മൂലപ്പേര് മാത്രമാണ് ചേർത്ത് കാണുന്നത്. പാലത്തിങ്കൽ, എന്ന അനുബന്ധപ്പേര് ചേർത്തുകാണുന്നില്ല. ഈ വസ്തുത അസന്നിഗ്ധമായി തെളിയിക്കുന്നത്, ആലപ്പാട്ട് എന്നതാണ് മൂലതറവാട്ടുപേരെന്നും, പാലത്തിങ്കൽ എന്നത് പാലത്തിന്റെ സമീപത്ത് താമസിച്ചതുകൊണ്ട് വിളിപ്പേരായി പിൽക്കാലത്ത് സിദ്ധിച്ചതാണെന്നുമാണ്. തറവാടിന്റെ ആരംഭം മുതലുള്ളതും ഔദ്യോഗികവുമായ പേരായതുകൊണ്ടാണ് അഭിവന്ദ്യ ജോർജ്ജ് മെത്രാൻ തിരുമനസ്സുകൊണ്ട് പി.സി. വാറുണ്ണിയെന്ന് സ്കൂളിൽ അറിയപ്പെട്ടിരുന്നുവെങ്കിലും സെമിനാരിയിൽ ചേർന്നപ്പോഴും പിന്നീട് റോമിൽവച്ച് വൈദികപട്ടമേറ്റപ്പോഴും മെത്രാനായപ്പോഴും ആലപ്പാട്ടുമെന്നുമാത്രം വീട്ടുപേർ ചേർത്തത്. മെത്രാൻ സ്ഥാനാരോഹണത്തെത്തുടർന്നാണ് തിരുമേനി ആലപ്പാട്ട് എന്നറിയപ്പെടാൻ തുടങ്ങിയതെന്ന ഒരു തെറ്റിദ്ധാരണ ചിലർക്കുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം 1927-ൽ റോമിൽവെച്ച് വൈദികപട്ടം സ്വീകരിച്ച അവസരത്തിൽ റോമിൽ തന്നെ വച്ച് അച്ചടിച്ച സ്മരണികാ ചിത്രത്തിന്റെ ഒരു കോപ്പി ഈ ലേഖകന്റെ കൈയിലുണ്ട്. അതിൽ ഫാ. ജോർജ്ജ് ആലപ്പാട്ട് എന്നാണ് ചേർത്തിരിക്കുന്നത്. അദ്ദേഹം പി.സി. വാറുണ്ണി എന്ന് അറിയപ്പെട്ടിരുന്ന കാലത്തും അതിനുമുമ്പും ഔദ്യോഗിക രേഖകളിൽ ജോർജ്ജ് ആലപ്പാട്ട് തന്നെയായിരുന്നുവെന്നു ചുരുക്കം. ഇപ്രകാരംതന്നെയാണ് സി.എം.ഐ. സഭയുടെ പ്രിയോർ ജനറലായിരുന്ന ബ. വിൻസന്തിയോസച്ചന്റെ കാര്യവും. ഈ തറവാട്ടിൽ 1895-ൽ ജനിച്ച്, 1963-ൽ മരിച്ച അദ്ദേഹം ചെറുപ്പകാലത്ത് അറിയപ്പെട്ടിരുന്നത് പി.പി. അന്തോണിയെന്നാണ്. എന്നാൽ സി. എം.ഐ. സഭയുടെ പഴയ രേഖകളിലൊക്കെ അദ്ദേഹത്തിന്റെ വീട്ടുപേർ ആലപ്പാട്ടെന്ന് മാത്രമാണ് ചേർത്തിരിക്കുന്നത്. കൂടാതെ 1920-ൽ അന്തരിച്ച വ്യക്തിയും, അഭിവന്ദ്യ ജോർജ്ജ് മെത്രാന്റെ പിതൃസഹോദരപുത്രനുമായ ബ. പൗലോസച്ചന്റെ പള്ളിരേഖകളിൽ കാണുന്ന പേര് പോൾ ആലപ്പാട്ടെന്നാണ്. 1944-ൽ നിര്യാതനായ തൃശൂർ രൂപതാ കച്ചേരി ഉപദേഷ്ടാവ് ബ. ജോണച്ചനും ആലപ്പാട്ട് എന്ന വീട്ടുപേരിൽ മാത്രമാണ് അറിയപ്പെട്ടിരുന്നത്. ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടുകാരുടെ മൂലതറവാട്ടുപേരും, അനുബന്ധപേരും എപ്രകാരമാണ് ഉപയോഗത്തിലിരുന്നത് എന്ന് ഉദ്ബോധിപ്പിക്കാൻ മാത്രമാണ് ഈ ഉദാഹരണങ്ങൾ ഇവിടെ അവതരിപ്പിച്ചത്.

## പുതിയ മേച്ചിൽപുറങ്ങളിലേയ്ക്ക്

1704–നോടടുത്താണ് പാലത്തിങ്കൽ എന്ന വിളിപ്പേർ സിദ്ധിച്ച തെന്ന് മുമ്പ് പ്രസ്താവിച്ചുവല്ലോ. അതിന് കാരണഭൂതനായ വാറു വെന്ന കാരണവർ കാട്ടൂർ പ്രദേശത്തേയ്ക്ക് മാറിത്താമസിക്കുന്ന തോടെയാണ് ഈ കുടുംബത്തിന്റെ വ്യതിരിക്തമായ ചരിത്രം ആരം ഭിക്കുന്നത്. 1731–ലാണ് വാറു തന്റെ ഭാര്യ മറിയത്തോടും നാല്മക്ക ളോടും കൂടി തങ്ങളുടെ പൂർവ്വികരുടെ സ്ഥലമായ ഐരൂർ ദേശാ തിർത്തിയിയിൽ (പാപ്പനിവട്ടം) പെട്ട എടത്തുരുത്തിയിലേയ്ക്ക് താമസം മാറ്റുന്നത്. എടത്തുരുത്തി പള്ളിയുടെ തെക്കുപടിഞ്ഞാ റുമാറിയാണ് വാറു കുടുംബം താമസിച്ചിരുന്നത്. പെരുമ്പടപ്പ് അഥവാ കൊച്ചി സ്വരൂപത്തിലെ ഭരണാധികാരികളുമായി വാറുവി നുണ്ടായിരുന്ന അടുപ്പമാണ് ഈ മാറിത്താമസിക്കലിന് ഹേതുവെന്ന് വിശ്വസിക്കപ്പെടുന്ന. പാപ്പനിവട്ടം രാജ്യം അന്ന് ഡച്ചുകാർക്ക് കപ്പം കൊടുത്തിരുന്ന പെരുമ്പടപ്പിലെ ഒരു സാമന്തരാജ്യമായിരുന്നു. എന്നാൽ ഡച്ച്കാർക്ക് കപ്പം പിരിക്കാൻ നിയുക്തനായിരുന്നത് മാപ്രാണത്തെ[31] അധികാരിയായ വെള്ളോസ് നമ്പ്യാരുടെ, എടത്തു രുത്തി പ്രദേശത്തെ പ്രതിനിധിയായ ബ്ലാഹേൽക്കാരുമായി വാറു, വിനാവിളംബം രസക്കേടിലായി. അക്കാരണത്താൽ അധികം വൈകാതെ 1736–ൽ വാറുവും കുടുംബവും, പുഴയ്ക്കിക്കരെയുള്ള കാട്ടൂർ പ്രദേശത്തേയ്ക്ക് താമസംമാറ്റി. 1746–ൽ ഇരിങ്ങാലക്കുടവച്ച് തീപ്പെട്ട രാമവർമ്മൻ തമ്പുരാൻ[32] കരമൊഴിവാക്കി നൽകിയ പറ മ്പിൽ വാറു തറവാട്ടുപുര തീർത്തു. ഇന്ന് പറയൻകടവ് പാലം നിൽക്കുന്നതിന് കിഴക്ക് കാണുന്ന പരന്ന പറമ്പ്പ്രദേശമാണ് വാറു വിന്റെ തറവാട്ടുപറമ്പ്. ഈ പറമ്പ് ഉൾക്കൊള്ളുന്ന ഭൂമികളുടെ ആധാരങ്ങളിൽ പാലത്തിങ്കൽ പറമ്പ് എന്നാണ് ചേർത്ത് കാണു ന്നത്. അന്ന് കാട്ടൂർപ്രദേശത്തിന്റെ പശ്ചിമദക്ഷിണ ഭാഗങ്ങൾ ചതു പ്പുകളും, കണ്ടൽകാടുകളും നിറഞ്ഞ് അക്ഷരാർത്ഥത്തിൽ കാടു തന്നെയായിരുന്നു. അത്യുത്സാഹികളായ വാറുവും മക്കളും ഈ ഭൂമിയിൽ കഠിനാദ്ധ്വാനം ചെയ്ത് ഈ പ്രദേശങ്ങളെ തികഞ്ഞ കൃഷിഭൂമികളാക്കിയെടുക്കാനാരംഭിച്ചു. തറവാട്ടുപറമ്പിനെ കേന്ദ്ര ബിന്ദുവാക്കി, മൂന്ന് ദിശകളിലേക്കും ഈ ഭൂമി വികസനം നടത്തി

യതിന്റെ ചിത്രമാണ് അടുത്ത ഒരു നൂറ്റാണ്ടുകാലത്തേക്ക് കാട്ടൂർപ്ര ദേശം ദർശിച്ചത്. 1760-നോടടുത്ത് വാറു അന്തരിക്കുന്നതിന് മുമ്പ്തന്നെ മൂന്ന് ആൺമക്കളായ വറിയത്, അന്തോണി, ചുമ്മാർ എന്നിവർക്ക് സാമ്പത്തികഭദ്രതകൈവന്നിരുന്നു. നാലാമനായ പൗലോസിനെപ്പറ്റി വ്യക്തമായ ധാരണയില്ല. പൗലോസിന് ഒരു മകന് മാത്രമാണുണ്ടായിരുന്നതെന്നും, ചുമ്മാർ എന്ന് പേരുള്ള ആ മകന് യൗവനാരംഭത്തിൽ പെരുമ്പടപ്പ് സ്വരൂപത്തിന്റെ തൃപ്പൂണി ത്തുറ താവഴിയുടെ കോവിലകത്ത് കാര്യവിചാരിപ്പുകാരനായി നിയ മിതനായെന്നും അദ്ദേഹത്തിന്റെ പിൻമുറക്കാരാണ് തൃപ്പൂണിത്തുറ പാലത്തിങ്കൽ തറവാട്ടുകാരെന്നും ഒരു ഐതിഹ്യം നിലവിലുണ്ട്. ഇതിനെപ്പറ്റി ഗവേഷണം നടത്തി തീരുമാനത്തിലെത്താൻ സാധി ച്ചിട്ടില്ല. വാറുവിന്റെ മൂത്ത മൂന്ന് മക്കളായ വറിയത്, അന്തോണി, ചുമ്മാർ എന്നിവരുടെ സന്താനപരമ്പരയാണ് ഇന്ന് കേരളത്തിലും ഇന്ത്യക്കുപുറത്തുമെല്ലാം പരന്നുകിടക്കുന്ന ആലപ്പാട്ട് പാലത്തി ങ്കൽ എന്ന തറവാട്ടുകാർ. ആലപ്പാട്ട് മൂലകുടുംബത്തിലെ ഈ ശാഖ യുടെ അനുക്രമചരിത്രമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

## ഗ്രന്ഥസൂചനകൾ


1. ഏ. ശ്രീധരമേനോൻ "കേരള ചരിത്രം" N.B.S.P.90
2. Ibid. P. 90 - 92
3. Dr. Kesavan Venthat. "Brahmin Settlements in Kerala"
4. Ibid.
5. കേരളചരിത്രം P. 84-85
6. Ibid P. 88
7. "Bramin Settlements in Kerala"
8. കേരളചരിത്രം P. 117
9. പ്രൊ. കിളിമാനൂർ വിശ്വംഭരൻ "കേരളസംസ്ക്കാരദർശനം" P. 87
10. Ibid P. 87-88
11. Ibid P. 41
12. ഭാരതസഭാചരിത്രം By റവ. ഡോ. സേവ്യർ, കൂടപ്പുഴ

13. ഡോ. സേവ്യർ കൂടപ്പുഴ Ibid
14. കെ.പി. പത്മനാഭമേനോൻ "കൊച്ചിരാജ്യചരിത്രം". P. 50
15. കേരളസംസ്ക്കാര ദർശനം. P. 105
16. ഭാരതസഭാചരിത്രം
17. കേരളചരിത്രം P. 109
18. Ibid P. 109-110
19. കേരളസംസ്ക്കാര ദർശനം. P. 99
20. കേരളചരിത്രം. P. 91
21. കൊച്ചിരാജ്യചരിത്രം. P. 258
22. കേരളസംസ്ക്കാര ദർശനം. P. 105
23. Ibid P. 124
24. Ibid
25. Ibid 114-115
26. Ibid 128
27. കേരള ചരിത്രം P. 131
28. കേരള സംസ്കാരദർശനം P. 131
29. Ibid
30. ഓർമ്മയുടെ ഓളങ്ങളിൽ ടി.എൽ. വറുഗീസ്
31. "കേരള ചരിത്രം" P. 167
32. കൊച്ചി രാജ്യചരിത്രം

## അദ്ധ്യായം രണ്ട്

# കാട്ടൂരിന്റെ ഇന്നലെകളിലൂടെ

ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടംഗങ്ങളുടെ കർമ്മശേഷിക്ക് മൂന്ന് നൂറ്റാണ്ട് പാത്രീഭൂതമായ കാട്ടൂർ പ്രദേശത്തിന്റെ ഇന്നലെകളിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുന്നത് തറവാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് തീർത്തും അത്യാവശ്യമാണ്..

സംഘകാലത്തോളം പിന്നോട്ട് അറിയപ്പെട്ട ചരിത്രം കാട്ടൂരിനുണ്ട്. തൃക്കണാമതിലകത്തുനിന്നുവാണ സംഘകാല രാജാവിന്റെ കൊട്ടാരകവി എരുകാട്ടൂർ തായം കണ്ണനാർ കാട്ടൂർ സ്വദേശിയായിരുന്നുവെന്ന് ചരിത്രം ഉദ്ഘോഷിക്കുന്നു[1]. നിബിഡവനപ്രദേശത്തോട് ചേർന്ന 'ഊര്' എന്ന നിലയ്ക്കായിരിക്കണം കാട്ടൂർ എന്ന സ്ഥലനാമത്തിന്റെ ഉൽപത്തി. മലയാളഭാഷ രൂപപ്പെടുന്നതിനുമുമ്പുള്ള പ്രാചീന തമിഴ് കാലഘട്ടത്തിന്റെ, അതായത് ആദ്യകാല സംഘകാലത്തിന്റെയത്ര പഴക്കം കാട്ടൂർ എന്ന അധിവാസകേന്ദ്രത്തിന് ഉണ്ടെന്ന് ഈ സംജ്ഞ സൂചന നൽകുന്നു. അതിരുകൾ തിട്ടപ്പെടുത്തി വച്ചിട്ടുള്ള ഇന്നത്തെ പഞ്ചായത്ത് പ്രദേശത്തിന്റെ തൽസ്വരൂപമായിരുന്നു അന്നത്തെ കാട്ടൂർ എന്ന് വിവക്ഷയില്ല. ഇന്നത്തെ പ്രദേശത്തെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രദേശത്തിന്റെ പൊതുവായ പേരായിരിക്കണം കാട്ടൂർ എന്ന് വേണം അനുമാനിക്കാൻ.

ചേരസാമ്രാജ്യ ഭരണകാലത്തെ ചെറുരാജ്യമായ മതിലകം/പാപ്പനിവട്ടം രാജ്യത്തിന്റെ ഉത്തരാതിർത്തിയിലുള്ള ഫലഭൂയിഷ്ഠമായ ഭൂപ്രദേശമാണ് കാട്ടൂർ എന്നതിന് പഴയ പല ചരിത്രരേഖകളിൽ സൂചനകൾ ഉണ്ട്. ആര്യബ്രാഹ്മണന്മാരുടെ, മലയാളത്തിലെ പ്രാചീന 32 അധിവാസകേന്ദ്രങ്ങളിൽ ഒന്നായ 'ചാമുണ്ട'യുടെ പടിഞ്ഞാറെ പ്രദേശമാണ് വ്യാപകാർത്ഥത്തിൽ കാട്ടൂർ എന്ന് പറയപ്പെട്ടിരുന്നത്. 'ചാമുണ്ട' ഇന്നത്തെ ചെമ്മണ്ടയാണെന്ന കാര്യത്തിൽ ചരിത്രകാരന്മാർ യോജിപ്പിലെത്തിയിട്ടുണ്ട്[2]. സമീപകാലത്ത് ചെമ്മണ്ടക്ഷേത്രത്തിൽ കണ്ടെത്തിയ രണ്ട് ശിലാലിഖിതങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷേത്രം 13-ാം നൂറ്റാണ്ടിലെങ്കിലും നിർമ്മിതമാ

യിരുന്നുവെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്[3]. ഇവിടത്തെ ബ്രാഹ്മണാധി വാസം അതിനേക്കാൾ ഏതാനും നൂറ്റാണ്ട് പുറകോട്ട് പോകുന്ന തുമാണ്. 'ചാമുണ്ട' യിലെ നമ്പൂതിരി ഇല്ലങ്ങളുടെ വികസനത്തിന്റെ ഭാഗമായി ഇല്ലങ്ങൾ 'ചാമുണ്ട' യുടെ പടിഞ്ഞാറുഭാഗത്തേയ്ക്ക് വികസിച്ച് ഇന്നത്തെ പൊഞ്ഞനം പ്രദേശത്ത് ഒരു ഉപ നമ്പൂതിരി ഗ്രാമം രൂപപ്പെട്ടു. തങ്ങളുടെ പരദേവതയായ ദേവിയെ പ്രതിഷ്ഠിച്ച് അമ്പലം തീർക്കുകയും ചെയ്തു. കാട്ടൂർ എന്ന് വ്യാപകാർത്ഥത്തിൽ അറിയപ്പെടുന്ന പ്രദേശത്തിന്റെ കേന്ദ്രബിന്ദുവായി നിലനിന്നിരുന്നത് ഈ പൊഞ്ഞനം പ്രദേശമാണ്. എ.ഡി. 13-ാം നൂറ്റാണ്ടിന്റെ അന്ത്യ ത്തോടെ പൊഞ്ഞനം, കാറളം മേഖലയിൽ നമ്പൂതിരിഭവനങ്ങൾ ധാരാളം ഉണ്ടായിരുന്നതായി രേഖകളുണ്ട്. നമ്പൂതിരി ഇല്ലങ്ങളോ ടൊപ്പം ചാതുർവർണ്ണ്യാടിസ്ഥാനത്തിലുള്ള മറ്റു ജാതികളും ഉപജാതികളും, അമ്പലവാസികളും മറ്റും പൊഞ്ഞനം കേന്ദ്രീക രിച്ച് താമസമുറപ്പിച്ചിരുന്നു. കാട്ടൂർ പ്രദേശത്തെ മനുഷ്യ അധിവാ സകേന്ദ്രങ്ങൾ പ്രധാനമായും പൊഞ്ഞനത്തിന് വടക്കും, കിഴക്കും ഭാഗങ്ങളായിരുന്നു. പൊഞ്ഞനം എന്ന് ഇവിടെ ഉദ്ദേശിക്കുന്നത്, ദേവീക്ഷേത്രവും പൈങ്കുണിക്കാവ് ക്ഷേത്രവും നിൽക്കുന്ന പ്രദേശത്തെയാണ്.

സാമൂഹികശാസ്ത്രപരമായി ഒരു വിശകലനം നടത്തിയാൽ, തൊഴിലടിസ്ഥിത ജാതി വ്യവസ്ഥപ്രകാരമുള്ള എല്ലാ ജാതികളും ഉപജാതികളും ഇന്നും ഈ മേഖലയിൽ നിലനിന്നുപോരുന്നതായി കാണാം. പ്രാചീനകാലത്ത് സ്വയം പര്യാപ്തമായ ഒരു സമൂഹം പൊഞ്ഞനം ക്ഷേത്രങ്ങളുടെ ചുറ്റുവട്ടത്തായി നിലനിന്നിരുന്നുവെ ന്നതിന് തെളിവാണിത്.

ഭൂമിശാസ്ത്രപരമായി കാട്ടൂർ പ്രദേശത്തിന് കാതലായ ഒരു വ്യതിയാനം സംഭവിച്ചത് എ.ഡി. 1341-ലെ പെരുവെള്ളത്തോടുകൂ ടിയാണ്. കേരളത്തെ മുഴുവൻ ബാധിച്ചതാണ്. ഈ പെരുവെള്ളവും കടലെടുക്കലും. അതിഭയങ്കരമായ മലവെള്ളം ഹേതുവായി കൊടു ങ്ങല്ലൂർ തുറമുഖം ഉപയോഗശൂന്യമായിത്തീർന്നത് കേരളത്തിന്റെ തന്നെ ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണല്ലോ[4]. ഈ മല വെള്ളത്തിൽ കരമുറിയുകവഴിയാണ് കൊച്ചി ഒന്നാംതരമൊരു

തുറമുഖമായിത്തീർന്നതും. ഈ പെരുവെള്ളത്തിലും കടൽക്ഷോഭത്തിലും, ഇന്ന് കാട്ടൂർപഞ്ചായത്ത് എന്ന് ഗണിക്കപ്പെടുന്ന പ്രദേശത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. തുടർന്ന് കൃഷിക്കുപയുക്തമല്ലാത്ത ചതുപ്പുകളായും പരിണമിച്ചു.

## കാട്ടൂരിൽനിന്ന് ചില പലായനങ്ങൾ

14-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടിയാണ് പ്രകൃതിയെ മാറ്റി മറിച്ച വെള്ളപൊക്കവും, കടൽക്ഷോഭവും ഉണ്ടായതെന്ന് കണ്ടല്ലോ. ഇക്കാലത്തിന് മുമ്പ്തന്നെ പെരുമാക്കന്മാരുടെ ഭരണം അവസാനിച്ച് പെരുമ്പടപ്പ്, നെടിയിരുപ്പ് സ്വരൂപങ്ങൾ ശക്തിപ്രാപിച്ച് അധികാരസീമകൾ ഉറപ്പിക്കുകയുണ്ടായി. 'ചാമുണ്ട' (ചെമ്മണ്ട) യിലെ നമ്പൂതിരി ഇല്ലങ്ങൾ മിക്കവയും അന്ന് നെടിയിരുപ്പ് സ്വരൂപവുമായി ഉറ്റ ബന്ധം പുലർത്തിയിരുന്നവയാണ്[5]. ഇക്കാലത്തുതന്നെ പെരുമ്പടപ്പിലെ താവഴികൾ തമ്മിലുള്ള ആഭ്യന്തര കലഹവും ഉടലെടുത്തുകഴിഞ്ഞിരുന്നു. ഇതിൽ ഇടപ്പെട്ട്, പെരുമ്പടപ്പുമായി യുദ്ധം ചെയ്ത് 14-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ കാട്ടൂർ പ്രദേശം നെടിയിരുപ്പ് സ്വരൂപം സ്വന്തം മേൽക്കോയ്മയിൽ കൊണ്ടുവന്നിരുന്നു. പ്രകൃതിക്ഷോഭമെന്ന അപകടസന്ധിയിൽ നെടിയിരുപ്പ് സ്വരൂപം പൊഞ്ഞനമെന്ന നമ്പൂതിരി ഉപഗ്രാമത്തിന്റെ രക്ഷയ്ക്കെത്തി. ജീവനും ഭൂമിയും നഷ്ടപ്പെട്ട ധാരാളം നമ്പൂതിരി ഇല്ലങ്ങളെ നെടിയിരുപ്പ് സ്വരൂപം അവരുടെ പ്രദേശമായ ഇന്നത്തെ മഞ്ചേരിയിലേയ്ക്കും, സമീപപ്രദേശങ്ങളിലേക്കും മാറ്റിപ്പാർപ്പിച്ചു. അപ്രകാരം പറിച്ചുമാറ്റപ്പെട്ട ഒരു മനയാണ് മഞ്ചേരിയിലെ ആനല്ലൂർ വടക്കേടത്ത് മന. ആനല്ലൂർ മന പൊഞ്ഞനം ദേവീക്ഷേത്രത്തിന്റെ വടക്കുഭാഗത്തായിരുന്നുവെന്ന് അനുമാനിക്കുന്നു. പൊഞ്ഞനം വടക്കുള്ള 'ആനക്കുളം', ''ആനല്ലൂർകുളം'' ലോപിച്ചുണ്ടായതാണെന്ന് കരുതപ്പെടുന്നു. ആനല്ലൂർ വടക്കേടത്ത് മനക്കാരുടെ പരദേവത പൊഞ്ഞനത്തമ്മയാണെന്ന് ആ മനയിലെ ഒരു പ്രമുഖ അംഗമായ ശ്രീമാൻ എ.വി. കൃഷ്ണൻ നമ്പൂതിരിപ്പാട് ഈ ലേഖകനോട് പറഞ്ഞിട്ടുണ്ട്. അതിനടുത്ത ആചാരങ്ങളും ഇന്നുവരെ അവർ അനുവർത്തിക്കുന്നതായി അദ്ദേഹം എന്നെ അറിയിച്ചു.

കാട്ടൂർ പ്രദേശത്തിന്റെ പടിഞ്ഞാറെ ഭാഗങ്ങൾ ആൾത്താമസ മില്ലാത്ത ചതുപ്പും, കണ്ടൽക്കാടുകളുമായി പരിണമിച്ചുവെന്നു സൂചിപ്പിച്ചുവല്ലോ. ആൾത്താമസം പ്രധാനമായും പൊഞ്ഞനത്തിനു വടക്കും കിഴക്കുമുള്ള പ്രദേശങ്ങളിലായിരുന്നു. പുഴയ്ക്ക് പടിഞ്ഞാറ് പാപ്പനിവട്ടം, മതിലകം പ്രദേശങ്ങളും വടക്ക് ചേറ്റുവാവരേയും നൂറ്റാണ്ടുകളായി അധിവാസകേന്ദ്രങ്ങൾ നിലനിന്നിരുന്നു. പോർച്ചു ഗീസുകാരുടെ കേരളപ്രവേശനകാലത്തെ കാട്ടൂരിന്റെ സ്ഥിതി ഇപ്രകാരമായിരുന്നു.

**വിദേശഭരണകാലം**

പെരുമാക്കന്മാരുടെ ഭരണാവസാനത്തോടെ കേരളത്തിന്റെ മദ്ധ്യഉത്തരഭാഗങ്ങൾ ഉൾപ്പെടുന്ന ഭൂവിഭാഗം പെരുമ്പടപ്പ്, നെടയി രുപ്പ് സ്വരൂപങ്ങളായും അവ പിന്നീട് കൊച്ചി, കോഴിക്കോട് (സാമൂ തിരി) രാജ്യങ്ങളായും മുന്നേറിയത് 13-15 നൂറ്റാണ്ടുകാലചരിത്രമാ ണ്[6]. 1498-ൽ കാപ്പാട് കപ്പൽ ഇറങ്ങിയ പോർച്ചുഗീസുകാരുടെ പിൻഗാമികൾ പെരുമ്പടപ്പ് തമ്പുരാക്കന്മാരുമായി സഖ്യം ചെയ്ത് ക്രമേണ കൊടുങ്ങല്ലൂരും കൊച്ചിയിലും സങ്കേതമുറപ്പിച്ചു[7]. പെരുമ്പടപ്പും നെടയിരുപ്പും തമ്മിൽ നിരന്തരമായി നടന്ന യുദ്ധ ങ്ങൾക്ക് കാട്ടൂർ പ്രദേശം വേദിയായിട്ടുണ്ട്. എന്നാൽ ഡച്ചുകാരുടെ ആഗമനത്തോടെയാണ് കാട്ടൂരും പരിസരങ്ങളും ചരിത്രത്തിൽ കൂടു തലായി പരാമർശിക്കപ്പെട്ടുകാണുന്നത്. പെരുമ്പടപ്പ് സ്വരൂപത്തിന് അഞ്ച് താവഴികളാണുണ്ടായിരുന്നത്. ഈ താവഴികൾ തമ്മിലുള്ള കിടമത്സരങ്ങളും 'ഇള' 'മൂപ്പ്' തർക്കങ്ങളും മുതലാക്കിക്കൊണ്ട് ഡച്ചു കമ്പനി കൊച്ചിരാജ്യത്തിൽ പല നേട്ടങ്ങളും കൈവരിച്ചു[8]. ഇപ്ര കാരംതന്നെ സാമൂതിരിയും കൊച്ചിയും തമ്മിലുള്ള നിരന്തര യുദ്ധ ങ്ങളിൽ മാറിമാറി പക്ഷംപിടിച്ച് വടക്കും ഡച്ചുകാർ ചില നേട്ട ങ്ങൾ കൊയ്തു. ആദ്യം ശ്രീലങ്കയിൽ ഭരണമുറപ്പിച്ച്, പതിനേഴാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ഡച്ചുകാർ മലയാളക്കരയിലെ ഗണ്യ മായ ശക്തിയായി ഉയർന്നു. 1662-ലും, 1663-ലുമായി കൊടുങ്ങല്ലൂർ, കൊച്ചികോട്ടകൾ കീഴടക്കിയതോടെ പോർച്ചുഗീസ് ഭരണം കേരള ത്തിൽ നാമാവശേഷമായിത്തീർന്നു[9]. അവരുടെ മേൽക്കോയ്മ ഗോവ യിൽ മാത്രമായി ഒതുങ്ങി. എന്നാൽ ഡച്ചുകാരെ സംബന്ധിച്ചിട

ത്തോളം ഒരു നൂറ്റാണ്ട് കൂടി അവരുടെ സ്വാധീനം കേരളത്തിൽ നിന്നു. കൊച്ചിയിലെ ബോൾഗട്ടിയായിരുന്നു ഭരണസിരാകേന്ദ്ര മെങ്കിലും, ഡച്ച് സാന്നിദ്ധ്യം ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത് കൊടുങ്ങല്ലൂരിനും ചേറ്റുവായ്ക്കും മദ്ധ്യേയുള്ള മേഖലയിലും അതിന് സമീപപ്രദേശങ്ങളിലുമായിരുന്നു[10].

കൊച്ചിക്കോട്ട പിടിക്കുന്നതിന് സഹായിച്ച സാമൂതിരിക്ക് ഡച്ചു കാർ കൊടുങ്ങല്ലൂരും അതിനു വടക്കുള്ള പ്രദേശങ്ങളും ആദ്യം വിട്ടുകൊടുത്തു. അങ്ങനെ കൊച്ചിരാജ്യത്തെ പലപ്രദേശങ്ങളും സാമൂതിരി കൈവശമാക്കിവച്ചിരുന്നു. "അതുകളിൽ മുഖ്യമായുള്ളവ മാപ്രാണം, ആറാട്ടുപുഴ, ഊരകം, അവിടുന്ന് പടിഞ്ഞാട്ടുള്ള പ്രദേ ശങ്ങൾ, ഏനാമാക്കൽ, കാട്ടൂര്, ചേറ്റുവ, കുരട്ടിക്കര, കടവല്ലൂർ, വന്നേ രിയിൽ ഏതാനും പ്രദേശം ഇതുകളായിരുന്നു. ഇതിൽ കാട്ടൂര് എന്ന പ്രദേശത്തെക്കുറിച്ച് ക്രി. അ. 1675 മുതൽക്കേ ഉണ്ടായിരുന്ന വാദം ഡച്ചുകാർ മദ്ധ്യസ്ഥമായി പറഞ്ഞുതീർത്തു"[11]. എന്നാൽ സാമൂതിരി ഉടമ്പടിപ്രകാരമുള്ള കപ്പം നൽകാത്തതിനാൽ കമ്പനി അവർക്കെ തിരെ തിരിഞ്ഞു. കൊടുങ്ങല്ലൂരിനു തെക്കുള്ള ദേശങ്ങളിൽ കമ്പ നിക്ക് കപ്പം നൽകണമെന്ന വ്യവസ്ഥയിൽ സ്വതന്ത്രഭരണം നൽകാൻ കമ്പനി പെരുമ്പടപ്പിനും കരാറുപ്രകാരം അനുവാദം നൽകിയിരുന്നു.

കരാർ ലംഘനംനടത്തിയ നെടിയിരുപ്പുമായി ഡച്ചുകാർ പല തവണ യുദ്ധത്തിലേർപ്പെടുകയുണ്ടായി. ഈ യുദ്ധങ്ങളിൽ കൊച്ചി, ഡച്ചുകാർക്ക് ഒപ്പം ചേർന്ന് സാമൂതിരിയെ തോൽപിക്കുകയും ചേറ്റുവായ്ക്ക് വടക്കോട്ട് ഓടിക്കുകയും ചെയ്തു. "പിന്നത്തെ രാമവർമ്മത്തമ്പുരാനായിട്ട് കോതപറമ്പിൽ തോട്ടുങ്ങൽ കോട്ടയി ട്ടിരിക്കുന്ന നെടുവിരിപ്പിൽ സ്വരൂപത്തോടു പടതുടങ്ങി കമ്പനിയും ഒരുമിച്ച് ചേറ്റുവാ മണപ്പുറത്തുനിന്ന് ഒഴിപ്പിച്ച് ചേറ്റുവാ അഴിക്കൽ കമ്പനികോട്ട ഇടുകയും ചെയ്തു[12]. 1701 മുതൽ 1710 വരെ ഒമ്പതു വർഷത്തോളം ഈ യുദ്ധം നീണ്ടു. ഈ യുദ്ധത്തിൽ കാട്ടൂരും ഒരു കോട്ട നിർമ്മിച്ചിരുന്നതായി ചരിത്രത്തിലുണ്ട്. തോട്ടുങ്കൽ കോട്ട യെപ്പറ്റി പരാമർശിക്കുന്നതിനെത്തുടർന്ന് ഇപ്രകാരം കാണുന്നു. "ആ കോട്ടയും നെടുവിരിപ്പിൻ സ്വരൂപം പിടിച്ച് പാപ്പനിമറ്റത്തും

കാട്ടൂരും, മാപ്രാണം, ഊരകം, തൃത്താണി, കുത്തുകാലിങ്കൽ ഇങ്ങനെ പന്ത്രണ്ടുകോട്ട നെടുവിരിപ്പിൻ സ്വരൂപം ഉറപ്പിച്ച് ഇരിക്കയും ചെയ്തു". ഇന്നത്തെ പണിക്കർമൂലയുടെ കിഴക്കുഭാഗത്തായി സാമൂതിരി തീർത്ത ആ കോട്ടയുടെ അവശിഷ്ടങ്ങൾ പത്തെഴുപതു വർഷങ്ങൾ മുമ്പുവരെ ദൃശ്യമായിരുന്നു. പട്ടാളക്കാരുടെ താമസാവശ്യത്തിനു പണിതീർത്ത നെടിയപുരയുടെ അവശിഷ്ടമായി നെടുംപുരയെന്ന പേര് ആ പ്രദേശത്തിന് ഇപ്പോഴും അവശേഷിക്കുന്നു. ഒമ്പതു വർഷം നീണ്ട യുദ്ധത്തിൽ അന്തിമവിജയം കൊച്ചിക്കും ഡച്ചുകാർക്കുമായിരുന്നു. 1710-ൽ ഡച്ചുകാരും സാമൂതിരിയുമായി കരാറുണ്ടായക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഡച്ചുകാർ ചേറ്റുവാ കോട്ട തീർത്തതും നാട്ടികപ്രദേശം ഡച്ചു കമ്പനിയുടെ നേരിട്ട് ഭരണത്തിലായതും[13]. പിന്നീടും, ഡച്ചുകാരും സാമൂതിരിയും തമ്മിൽ തുടരെത്തുടരെ യുദ്ധങ്ങളുണ്ടായി, 1717-ലെ ഉടമ്പടിയാണ് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട വഴിത്തിരിവ്. ഈ ഉടമ്പടി പ്രകാരം ഏനാമാവിന് തെക്കുള്ള പ്രദേശങ്ങൾ ഡച്ചു കമ്പനിക്ക് ഒഴിഞ്ഞുകൊടുക്കപ്പെട്ടു[14]. കമ്പനി ക്രമേണ അവ പെരുമ്പടപ്പ് സ്വരൂപത്തിന് കൈമാറി. വലിയ കപ്പം കൊടുക്കണമെന്ന നിബന്ധനയുണ്ടായിരുന്നുവെന്ന് മാത്രം. എന്നാൽ മാപ്രാണം മാത്രം കമ്പനിയുടെ കീഴിൽ മുൻ അധിപനായ വെള്ളോസ് നമ്പ്യാർ കൈവശംവച്ച് അനുഭവിച്ച് ആണ്ടുതോറും മുവ്വായിരം റാത്തൽ നെല്ല് കമ്പനിക്ക് കൊടുത്തുപോന്നു[15]. പെരുമ്പടപ്പിന്റെ മേൽക്കോയ്മയിലുള്ള സ്ഥലങ്ങളിലും കമ്പനിക്ക് വേണ്ടി കപ്പം പിരിച്ച് കൈമാറിയിരുന്നതും വെള്ളോസ് നമ്പ്യാരാണ്.

## അദ്ധ്യായം മൂന്ന്

# വാറു കാരണവർ കാട്ടൂരിലേക്ക്

ഇക്കാലത്താണ് ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടുകാരണവരായ വാറു പെരുമ്പടപ്പ് സ്വരൂപത്തിലെ നാടുവാഴികളുടെ പ്രത്യേക പ്രീതിക്ക് പാത്രമാകുന്നത്. 1722–ൽ തൃശൂർ വച്ച് തീപ്പെട്ട രാമവർമ്മത്തമ്പുരാൻ, തുടർന്ന ഭരണം കൈയ്യാളിയ രാമവർമ്മൻ, രവിവർമ്മൻ തുടങ്ങിയവരുമായി വാറുവിന് സുഹൃദ് ബന്ധമാണുണ്ടായിരുന്നത്. വാറുവും കുടുംബവും 1731–ൽ വെള്ളോസ്സിന്റെ അധീനതയിൽ നിന്ന് അയിരൂർ രാജ്യാതിർത്തിയിലെ എടത്തുരുത്തിയിലേക്ക് താമസംമാറ്റിയ കാര്യം മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അയിരൂർ പെരുമ്പടപ്പിന്റെ സാമന്തരാജ്യമായിരുന്നു അവിടെ നിന്ന് 1736–ലാണ് വാറു കാട്ടൂർക്ക് താമസംമാറ്റുന്നത്. ഇതിനുണ്ടായ സാഹചര്യവും അന്യത്ര ചേർത്തിട്ടുണ്ട്. പിൽക്കാലത്ത് 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബ്രിട്ടീഷുകാർ മലബാർ തങ്ങളുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലാക്കിയപ്പോൾ കാട്ടൂർ കൊച്ചി രാജ്യത്തിന്റെ അതിർത്തി പ്രദേശമായി. കനോലിക്കനാൽ കാട്ടൂരിനെ മലബാറിൽനിന്നും വേർതിരിക്കുന്ന അതിരുമായിത്തീർന്നു. കനോലിക്കനാലെന്നു നാമകരണം ചെയ്യപ്പെട്ട ഈ പുഴയുടെ കിഴക്കെ ഓരത്താണ് വാറു താമസമാക്കിയത്. സ്ഥിരോത്സാഹിയായ വാറുവിന്റെ ശ്രമഫലമായി രാജ്യത്തെ കൂടുതൽ സ്ഥലങ്ങൾ കൃഷി യുക്തമാക്കി കപ്പംകൊടുക്കേണ്ട ചുമതല എളുപ്പമാക്കിത്തീർക്കുകയെന്നതായിരുന്നു വാറുവിനെ തങ്ങളുടെ ഭരണസീമയിലേയ്ക്ക് കൊണ്ടുവരാൻ പെരുമ്പടപ്പ് സ്വരൂപത്തിന് ഉണ്ടായ ഉദ്ദേശ്യം. ഈ ദൗത്യം അക്ഷരാർത്ഥത്തിൽ വാറുവും പരമ്പരകളും സ്തുത്യർഹമായിത്തന്നെ നിർവ്വഹിച്ചുവെന്ന് ചരിത്രം ഉദ്ഘോഷിക്കുന്നു. 1746–ൽ ഇരിങ്ങാലക്കുട വച്ച് തീപ്പെട്ട രാമവർമ്മത്തമ്പുരാൻ ആലപ്പാട്ടു പാലത്തിങ്കൽ തറവാടിന്റെ ഗുണകാംക്ഷിയായിരുന്നുവെന് മുൻ അദ്ധ്യായത്തിൽ നാം കണ്ടല്ലോ. ഈ തമ്പുരാൻ തൃപ്രയാറ് തേവരെ തൊഴാൻ പോയിരുന്ന അവസരങ്ങളിൽ പറയൻകടവ് വരെ വില്ലുവണ്ടിയിലോ പല്ലക്കിലോ എഴുന്നള്ളി, കടവിലുള്ള ആലപ്പാട്ട് പാലത്തിങ്കൽ തറ

വാടിന്റെ കോലായിൽ രണ്ട് നാഴിക വിശ്രമിച്ചതിനുശേഷമാണ് തറവാട്ടുവക കെട്ടുവള്ളത്തിൽ യാത്രതുടർന്നിരുന്നതെന്ന് തറവാടിന്റെ വായ്മൊഴിയായിക്കിട്ടിയ പാരമ്പര്യത്തിൽ കാണുന്നു.

1717-ലെ ഉടമ്പടിപ്രകാരം മാപ്രാണം ദേശത്തിന്റെ ആധിപത്യം കമ്പനി വെള്ളോസ്സ് നമ്പ്യാർക്ക് നൽകിയിരുന്നുവല്ലോ. അതിലേയ്ക്കായി മുവ്വായിരം റാത്തൽ നെല്ലും കപ്പമായി വാങ്ങിയിരുന്നു. എന്നാൽ 1758 ആയപ്പോഴേയ്ക്ക് വെള്ളോസ് നമ്പ്യാർ കപ്പംകൊടുക്കുന്നതിൽ വീഴ്ചവരുത്തി[16]. ഈ അവസരത്തിൽ 1762-63 കാലഘട്ടത്തിൽ സാമൂതിരി പാപ്പനിവട്ടവും, മാപ്രാണവും ആക്രമിച്ചു കീഴടക്കി. എന്നാൽ 1761-ൽ കൊച്ചിയിൽ ഭരണസാരഥ്യം, കൈയാളായ വീരകേരളവർമ്മൻ രാജാവ് തൃപ്പാപ്പി സ്വരൂപത്തിന്റെ സഹായത്തോടുകൂടി സാമൂതിരിയെ പരാജയപ്പെടുത്തി[17]. രണ്ടു രാജാക്കന്മാരും തമ്മിലുണ്ടായ ഉടമ്പടിപ്രകാരം മാപ്രാണം, പെരുമ്പടപ്പിലേയ്ക്ക് സിദ്ധിച്ചു. എന്നാൽ ഡച്ചുകമ്പനി, സ്ഥലത്തിന്റെ മേൽക്കോയ്മ തങ്ങൾക്കുള്ളതായതിനാൽ മാപ്രാണം വെള്ളോസ് നമ്പ്യാർക്ക് തിരിച്ച് നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ വീരകേരളവർമ്മന് ഇതിന് തീരെ സമ്മതമുണ്ടായിരുന്നില്ല. അതുകൊണ്ട് ഡച്ച് കമ്പനിയുടെ മേൽക്കോയ്മ സ്ഥാനം സമ്മതിച്ച് കൊല്ലംതോറും നമ്പ്യാർ കൊടുത്തുവന്ന നെല്ല് തമ്പുരാൻ കൊടുക്കാമെന്നും സമ്മതിച്ചു. കമ്പനി അപ്രകാരം സമ്മതിക്കുകയും ചെയ്തു[18]. ഈ കരാറിൻപ്രകാരമുള്ള അധികനെല്ല് നൽകുവാൻ കൊച്ചിരാജാവ് സ്വാഭാവികമായും തന്റെ രാജ്യത്തെ പ്രമുഖ കർഷകരായ ആലപ്പാട്ടു പാലത്തിങ്കൽ കുടുംബത്തിന്റെ സഹായം തേടി. വാറുവിന്റെ മൂന്നാം തലമുറയിലെ വാറുണ്ണി (C2) വീരകേരളവർമ്മൻതമ്പുരാനുമായി സൗഹൃദത്തിലായിരുന്നു. തമ്പുരാന്റെ അനുഗ്രഹാശ്ശിസുകളോടെ, വാറുണ്ണി കരാഞ്ചിറ പ്രദേശത്ത് ചിറകെട്ടി ചതുപ്പുനിലങ്ങളെ ഒന്നാംതരം നെൽപ്പാടങ്ങളാക്കി. കാട്ടൂർ ഗ്രാമത്തിന്റെ ഉത്തരഭാഗങ്ങൾക്ക് കരാഞ്ചിറയെന്ന് നാമം ലഭിക്കുന്നതും ഈ ചിറ മൂലമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ നിലങ്ങളിൽ കൃഷിയിറക്കി ആയിരക്കണക്കിന് പറ നെല്ല് ഉല്പാദിപ്പിച്ചതും, നെല്ല് കാട്ടൂരിലെ തറവാട്ട് പുരയിലേക്ക് കൊണ്ടുവരുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കാൻ കരാഞ്ചിറ പ്രദേശത്ത് വലിയ

അറ കെട്ടിയതും മറ്റും ഈ കുടുംബത്തിന്റെ ചരിത്രത്തിലെ തിള ക്കമാർന്ന അദ്ധ്യായങ്ങളാണ്. അങ്ങനെ കരാഞ്ചിറയിലന്നു പണിത അറയ്ക്കു സമീപം താമസിച്ചിരുന്നതുകൊണ്ടാണ് ആലപ്പാട്ട് പാല ത്തിങ്കൽ തറവാട്ടിലെ ചില താവഴിയിൽപ്പെട്ടവർക്ക് അറയ്ക്കൽ എന്ന വിളിപ്പേർ കിട്ടിയത്. വീരകേരളവർമ്മൻ തമ്പുരാൻ എഴുന്നെ ള്ളിപ്പാർത്തിരുന്ന ചിറ്റൂർ മഠം കോവിലക (ഇന്നത്തെ കോലോത്തും കുന്ന്) ത്തുനിന്ന് വിളിപ്പാട് അകലെ മാത്രം നിന്നിരുന്ന ആ അറയിൽ നിന്നാണ് പെരുമ്പടപ്പ് ഡച്ച് കമ്പനിക്കു പലവിധ കപ്പ ങ്ങളായയി നൽകേണ്ട നെല്ലിന്റെ സിംഹഭാഗവും പോയിരുന്നത്.

കുലപതി വാറുവിന്റെ മൂന്നാം തലമുറയുടെ അവസാനത്തോടെ പുഴയോരത്ത് മധുരംപിള്ളി മുതൽ ഇന്നത്തെ കാട്ടൂർ പഞ്ചായ ത്തിന്റെ ഉത്തരാതിർത്തി വരെയും, ചിറയ്ക്കൽ പ്രദേശത്തിന്റെ തെക്കുഭാഗം വരെയുമുള്ള ചതുപ്പുനിലങ്ങളെ ഒന്നാംതരം നെല്പാ ടങ്ങളാക്കി മാറ്റിയിരുന്നു. താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ തെങ്ങിൻ തോട്ടങ്ങളും വികസിപ്പിച്ചെടുത്തു. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കൊച്ചിരാജ്യത്തെ ഏറ്റവും നല്ല കാർഷികമേ ഖലയെന്ന നിലയിലേയ്ക്ക് കാട്ടൂർപ്രദേശം ഉയർന്നത് കുലപതി വാറു കാരണവരുടേയും പിൻമുറക്കാരുടേയും പ്രവർത്തനഫലമാ യിട്ടാണെന്നു കാണാം.

## അദ്ധ്യായം നാല്

# കാട്ടൂർ ഇടവകസ്ഥാപനം

സ്ഥിരോത്സാഹികളായ വാറുവും മക്കളും ഒടുങ്ങാത്ത സ്വാതന്ത്ര്യദാഹികളുമാണെന്ന് ചരിത്രം സാക്ഷ്യപ്പെടത്തുന്നു. ഈ സ്വാതന്ത്ര്യദാഹത്തിന്റെ മകുടോദാഹരണാണ് കാട്ടൂർ ഇടവകയുടെ സ്ഥാപനവും പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തെ ദേവാലയസ്ഥാപനവും. 1700-നോടടുത്ത് സ്ഥാപിതമായ ഇടത്തുരുത്തി പള്ളിയിലാണ് വാറുവിന്റെ പരമ്പരക്കാർ ഇടവക ചേർന്നിരുന്നത്. വരാപ്പുഴയിലെ ലത്തീൻ ആർച്ചുബിഷപ്പിന്റെ കീഴിലെ കൊടുങ്ങല്ലൂർ രൂപതയിലായിരുന്നു ഇടത്തുരുത്തി ഇടവക. കൊടുങ്ങല്ലൂരിൽനിന്നും, കുറെവർഷം പുത്തൻചിറനിന്നും ഭരണംനടത്തിയ പോർച്ചുഗീസുകാരായ മെത്രാന്മാരാണ് പദ്രുവാദൊ ഭരണത്തിന്റെ ആ കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ രൂപത ഭരിച്ചിരുന്നത്[19]. അധികാരം കയ്യാളിയിരുന്നത്, മിക്കവാറും സ്പെയിൻ, പോർച്ചുഗൽ, ഇറ്റലി തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നുള്ള സന്യാസ വൈദികരുമായിരുന്നു. സ്വകീയമായ സുറിയാനി പാരമ്പര്യങ്ങൾക്കും പ്രാർത്ഥനാരീതികൾക്കും അവർ തീരെ പ്രാധാന്യം നൽകിയിരുന്നില്ല. ദേശത്തുപട്ടക്കാരെ രണ്ടാംതരക്കാരായി കണക്കാക്കുന്ന ഒരു ഭരണശൈലിയാണ് പദ്രുവാദൊ ഭരണാധികാരികൾ അവലംബിച്ചിരുന്നത്. എന്നാൽ തീർത്തും സ്വദേശവാദികളായ വാറുസന്തതികൾക്ക് ഈ വിദേശാധിപത്യം തീർത്തും രുചിച്ചിരുന്നില്ല; പ്രത്യേകിച്ച് ഗോവൻ ഭരണത്തിന്റെ നിയന്ത്രണത്തിലായിരുന്നു പദ്രുവാദൊ ഭരണം. പോർച്ചുഗീസ് ഭരണം മേഖലയിൽനിന്ന് തീർത്തും ഇല്ലാതാകുന്നത് 1662-ൽ ഡച്ചുകാർ കൊടുങ്ങല്ലൂർ കോട്ടയും, 1663-ൽ കൊച്ചിക്കോട്ടയും പിടിച്ചെടുത്തതോടുകൂടിയാണ്. എന്നാൽ താരതമ്യേന വിശാലമനസ്കരായിരുന്ന ലന്തക്കാർ (ഡച്ചുകാർ) പോർച്ചുഗീസ് വൈദികർക്ക് ഒരു പരിധിവരെ പ്രവർത്തനസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. അതാണ് ഒന്നരനൂറ്റാണ്ടുകൂടി പദ്രുവാദൊ ഭരണം മേഖലയിൽ നിൽക്കാൻ കാരണം. 1663-ൽ ചാണ്ടി മെത്രാൻ അഭിഷിക്തനായതിനുശേഷം[20] ഒരു സ്വജാതിമെത്രാനും കേരള സുറിയാനി സഭ

യിൽനിന്നും ഉത്ഭവിക്കാത്തതിൽ, സഹവിശ്വാസികൾക്കൊപ്പം വാറുവിന്റെ പരമ്പരക്കാർക്കും വലിയ അമർഷമുണ്ടായിരുന്നു. സ്വജാതീയ മേൽപട്ടക്കാർക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ അവരും മുൻനിരയിലുണ്ടായിരുന്നുവെന്ന് ആലപ്പാട്ട് പാലത്തിങ്കൽ തറവാടിന്റെ വാമൊഴി പാരമ്പര്യത്തിൽ വ്യക്തമായിക്കാണുന്നുണ്ട്.

ഡച്ചുകാരും നെടിയിരുപ്പ്, പെരുമ്പടപ്പ് സ്വരൂപങ്ങളും തമ്മിൽ നിരന്തരം നടത്തിയിരുന്ന യുദ്ധങ്ങളിൽ ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടംഗങ്ങൾ സ്ഥായിയായി നിന്നിരുന്നതായിക്കാണുന്നത് പെരുമ്പടപ്പ്-കൊച്ചി-രാജ്യത്തോടൊപ്പമാണെന്ന് കാണാം. എന്നാൽ പുഴയ്ക്ക് പടിഞ്ഞാറ് നാട്ടിക ഫർക്ക പ്രദേശം മുഴുവൻ ഡച്ച്കാർക്ക് വിധേയരായി നിന്നവരാണെന്നാണ് ചരിത്രം നൽകുന്ന സൂചന. പിന്നീട് ടിപ്പുസുൽത്താൻ നെടിയിരുപ്പുമായി കൂട്ടുചേർന്ന് ഡച്ചുകാരെ തോൽപ്പിച്ചതോടെ പുഴയ്ക്ക് പടിഞ്ഞാറ് സാംസ്കാരികവും മതപരവുമായ വലിയ മാറ്റങ്ങൾ സംഭവിക്കുകയുണ്ടായി. എന്നാൽ പുഴയ്ക്ക് കിഴക്ക് കാട്ടൂർ മേഖലയിൽ ടിപ്പുവിന്റെ പടയോട്ടം പറയത്തക്ക ചലനമൊന്നും സൃഷ്ടിക്കുകയുണ്ടായില്ല. പിന്നീട് ബ്രിട്ടീഷ് ഭരണം മലബാറിൽ വന്നപ്പോഴും കാട്ടൂർ പ്രദേശം ഉൾപ്പെട്ട കൊച്ചി രാജ്യം ഏതാണ്ടൊരു സ്വതന്ത്രരാജ്യത്തിന്റെ ശൈലിയിലാണ് നിലനിന്നിരുന്നത്.

ആലപ്പാട്ട് പാലത്തിങ്കൽ വാറുവിന്റെ സന്തതികൾ സ്വന്തം സുറിയാനി പാരമ്പര്യം നിലനിറുത്തുവാൻ യത്നിച്ചിരുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നുവല്ലോ. 1736-ൽ രാമവർമ്മ രാജാവ് ഭൂമിനൽകി പാർപ്പിച്ച കാലം മുതലേ, ലത്തീൻ പദ്രുവാദൊ ഭരണത്തിൽനിന്ന് ഭിന്നമായി കാട്ടൂരിൽ സുറിയാനി പാരമ്പര്യപ്രകാരം 'സമൂഹം' രൂപീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിരുന്നു. 1800കളുടെ ആദ്യശതകങ്ങളിൽത്തന്നെ കാട്ടൂരിൽ സമൂഹം നിലവിൽവന്ന് വാരാന്ത്യപൊതുപ്രാർത്ഥനയും, ധനം സ്വരൂപിക്കലും മറ്റും ആരംഭിക്കുകയുണ്ടായി. ഇന്നത്തെ പറയൻ കടവ് പാലത്തിന്റെ കിഴക്കുഭാഗത്ത് മൂലത്തറവാട്ട് പറമ്പിന്റെ ചുറ്റുവട്ടമായിരുന്നു ആദ്യസമൂഹം. ആ സമൂഹം വികസ്വരമായപ്പോൾ തെക്ക് കിഴക്ക് മാറി രണ്ടാമത്തെ സമൂഹവും രൂപീകൃതമായെന്ന് പഴയരേഖകളിൽ കാണാം.

ഇവ, 1852-ലെ പള്ളി നിർമ്മാണത്തെത്തുടർന്ന് പടിഞ്ഞാറും, തെക്കും അങ്ങാടികളായി 1838-ലെ മാർപ്പാപ്പയുടെ തിരുവെഴുത്തു മൂലം പദ്രുവാദൊ ഭരണം അവസാനിച്ചതിനെത്തുടർന്ന്[21] എടത്തു രുത്തി വരാപ്പുഴ ലത്തീൻ മെത്രാപ്പോലീത്താഭരണത്തിന്റെ കീഴി ലായി. തുടർന്നും സ്വജാതീയ മേൽപട്ടക്കാരനെ ലഭിക്കുന്നതിനുള്ള ഉദ്യമങ്ങൾ ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടംഗങ്ങൾ തുടരന്നുവന്നു.

ക്രൈസ്തവവിശ്വാസവും ദേശീയതയും ഒത്തിണക്കുന്നതിൽ കരിയാറ്റിൽ മെത്രാപ്പോലീത്താ, പാറേമ്മാക്കൽ ഗോവർണദോർ തുടങ്ങിയവരുടെ സമശീർഷനായി ഗണിക്കാവുന്ന വ്യക്തിയാണ് ആലപ്പാട്ടു പാലത്തിങ്കൽ തറവാട്ടിലെ നാലാം തലമുറയിലെ അന്തോണിയച്ചൻ (C 34). നൂറ്റാണ്ടുകൾ പഴക്കമുള്ള സുറിയാനി സഭയുടെ ആചാരങ്ങളോടും ദേശത്തുപട്ടക്കാരോടും വരാപ്പുഴയിലെ ലത്തീൻ സഭാധികാരികൾ ഒരു തരം ശത്രുതാമനോഭാവമാണ് പുലർത്തിയിരുന്നത്. ഈ ആധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട്, കാട്ടൂരിലെ തറവാട്ടുമണ്ണിൽ തനിക്ക് ഭാഗത്തിൽ സിദ്ധിച്ച പറമ്പിന്റെ കിഴക്കേ അറ്റത്ത് പനമ്പുകൊണ്ട് മുറിതീർത്ത് സ്വന്തം വീട്ടിൽനിന്ന് തിരുവസ്ത്രങ്ങളിഞ്ഞ് ചെന്ന് കുർബ്ബാനയർപ്പിച്ച അന്തോണിയ ച്ചൻ ഒരേസമയം ത്യാഗധനനായ വൈദികനും ദേശീയവാദിയുമാ യിരുന്നു. 1851 ഓഗസ്റ്റ് 10-നാണ് ഈ ചരിത്ര മുഹൂർത്തം അരങ്ങേ റിയത്. ഈ കാലഘട്ടത്തിൽത്തന്നെ ആലപ്പാട്ട് പാലത്തിങ്കൽ നാലാം തലമുറയിലെ ലോന മകൻ കുഞ്ഞിപ്പാലു (A13) ദിവാൻ ശങ്കരവാര്യർ മുഖേന ദേവാലയം പണിയിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. 1851-ൽ തൃശൂർ നിന്ന് തീപ്പെട്ട രാമവർമ്മ രാജാ വിൽനിന്ന് പള്ളിപ്പണിക്കുള്ള തീട്ടൂരവും കുഞ്ഞിപ്പാലു നേടിയെടു ക്കുകയുണ്ടായി. കുഞ്ഞിപ്പാലുവിന്റെ നേതൃത്വത്തിൽ 1852-ൽ പള്ളിപ്പണി പൂർത്തിയാക്കുകയും ചെയ്തു.


അന്തോണിയച്ചൻ തീർത്ത പനമ്പുപള്ളി ഏതാനും വർഷ ങ്ങൾക്കുള്ളിൽ കല്ലും മരവുമുപയോഗിച്ച് പണിതീർത്തപ്പോൾ സുറിയാനി സഭാപാരമ്പര്യത്തിന്റെ മുഖമുദ്രകൾ അതിൽ നിഴലി ക്കാൻ അന്തോണിയച്ചൻ പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നുവെന്നും കാണാം. ആലപ്പാട്ട് പാലത്തിങ്കൽ തറവാടിന്റെ യശസ്സ് ഉയർത്തി

യതോടൊപ്പം, ഈ സമൂഹത്തിന്റേയും, ഈ പ്രദേശത്തിന്റേയും അഭ്യുന്നതിക്ക് ഈ ദേവാലയം അമൂല്യമായ സംഭാവനകൾ നൽകിയെന്നതിന് പിൽക്കാല ചരിത്രം സാക്ഷിയാണ്.

## ഗ്രന്ഥസൂചനകൾ


1. പ്രൊ. കിളിമാനൂർ വിശ്വംഭരൻ "കേരള ദർശനം" P. 52
2. Dr. Kesavan Venthat. "Brahmin Settlements in Kerala"
3. Ibid.
4. A. Sridhara Menon കേരളചരിത്രം P. 18
5. Ibid P. 182
6. കേരളചരിത്രം P. 153
7. കെ.പി. പത്മനാഭമേനോൻ "കൊച്ചി രാജ്യചരിത്രം" P. 19
8. Ibid
9. Ibid
10. കേരളചരിത്രം P. 17
11. കൊച്ചിരാജ്യചരിത്രം P. 381
12. കൊച്ചിരാജ്യചരിത്രം P. 397
13. Ibid
14. Ibid P. 398
15. കൊച്ചിരാജ്യചരിത്രം P. 492
16. Ibid
17. കേരളചരിത്രം P. 212
18. Ibid P. 492
19. ഭാരതസഭാചരിത്രം
20. Ibid
21. മോൺ. ആന്റണി പുതുശ്ശേരി. തിരുസ്സഭാചരിത്രം P. 334

1704 മുതലുള്ള ആലപ്പാട്ട് പാലത്തിങ്കൽ തറവാടിന്റെ വംശാവലി ഇപ്പോൾ 11–ാം തലമുറയിലാണ് എത്തിനിൽക്കുന്നത്. ആയതിന്റെ വംശാവലി (Family Tree) തറവാട്ടംഗങ്ങളുടെ അറിവിലേക്കായി താഴെ ചേർത്തിരിക്കുന്നു.



## Leadership

| | |
|---|---|
| President | George De Das |
| Vice President | George Manuel |
| Secretary | Biju Cherian |
| Treasurer | Premjo Palathingal |
| Emergency Director | Sunny Palathingal |

## Elders council Members

| | |
|---|---|
| Rev. Fr. Francis Alapatt | 042383665 |
| Rev. Fr. Issac Alapatt | 9048614074 |
| Antony Ittiara, Kattoor | 9447832334 |
| A.T. Antony, Karanchira | 8281306410 |
| Thobias Palathingal | 7034423515 |
| P.V. Francis, Thrissur | 9947288800 |
| Francis Alapatt , Kochi | 9846047085 |
| Gracy Pauly | 9388968939 |
| Lucy Alapatt | 9745391949 |